VOL NO: 08 I ISSUE 39
2024 SEPTEMBER 28 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com



ഇഹലോകത്തെ അലങ്കാരങ്ങളും പരലോകത്തെ പ്രതീക്ഷകളുമാണ് സന്താനങ്ങൾ. എന്നാൽ ഇരുലോക ജീവിതത്തിലും ലക്ഷ്യസാക്ഷാത്കാരത്തിലെ വൈതരണികളായി മാറാനും സന്താനങ്ങളുടെ പ്രവൃത്തികൾ കാരണമായേക്കാം. വ്യക്തമായ കാഴ്ചപ്പാടോടും കൃത്യമായ മാർഗനിർദേശങ്ങളോടും കൂടി മക്കളെ വളർത്തുന്നതിലൂടെ മാത്രമെ ഉത്തമ തലമുറയെ പരുവപ്പെടുത്തിയെടുക്കാനാവൂ.

# സന്താനങ്ങൾ; അനുഗ്രഹവും പരീക്ഷണവും

**മുഹമ്മദ് നബി(സ്വ); മാതൃകാ അധ്യാപകൻ**

|| ഇ.കെ.മൗലവിയും മുസ്‌ലിം ലീഗും

|| അനുസരണക്കേടോ പ്രവാചകസ്നേഹം?

|| ഒരു ഭീകരരാഷ്ട്രത്തിന്റെ അവസാനമില്ലാത്ത ചോരക്കൊതി





GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0401
# നേർപഥം
വാരിക

2024 സെപ്തംബർ 28
1446 റ. അവ്വൽ 25
പുസ്തകം 08 / ലക്കം 39




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




ഹാഷിം കാക്കയങ്ങാട്

ഇഹലോകത്തെ അലങ്കാരങ്ങളും പരലോകത്തെ പ്രതീക്ഷകളുമാണ് സന്താനങ്ങൾ. എന്നാൽ ഇരുലോക ജീവിതത്തിലും ലക്ഷ്യസാക്ഷാത്കാരത്തിലെ വൈതരണികളായി മാറാനും സന്താനങ്ങളുടെ പ്രവൃത്തികൾ കാരണമായേക്കാം. വ്യക്തമായ കാഴ്ചപ്പാടോടും കൃത്യമായ മാർഗനിർദേശങ്ങളോടും കൂടി മക്കളെ വളർത്തുന്നതിലൂടെ മാത്രമെ ഉത്തമ തലമുറയെ പരുവപ്പെടുത്തിയെടുക്കാനാവൂ.

**05** മുഖമൊഴി
ഒരു ഭീകരരാഷ്ട്രത്തിൻെറ അവസാനമില്ലാത്ത ചോരക്കൊതി

**06** വിമർശനം
അല്ലാഹുവിന്റെ ചില വിശേഷണങ്ങളെയും നിഷേധിക്കുന്നു!
മൂസ സ്വലാഹി കാര

**09** ഹദീസ് പാഠം
മുഹമ്മദ് നബി(സ്വ); അന്തിമ ദൂതൻ
ഉസ്മാൻ പാലക്കാഴി

**18** ചരിത്രപഥം
ഇ.കെ.മൗലവിയും മുസ്‌ലിം ലീഗും
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**21** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുസ്സബഅ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**24** കർമപഥം
ക്വുർആൻ പാരായണത്തിന്റെയും നന്ദിയുടെയും സുജൂദ്
വിവ. അബ്ദുൽ ജബ്ബാർ മദീനി

**26** കഥ
ഉമ്മാക്ക് പരാതിയില്ല
ശാനിദ ബിൻത് അഹ്മദ് ഈങ്ങാപ്പുഴ

**27** കാഴ്ച
അമിത സ്വാതന്ത്ര്യവും സ്ക്രീനോമാനിയയും
അൻവർ കണ്ണീരി അമ്മിനിക്കാട്

**28** ലേഖനം
മുഹമ്മദ് നബി(സ്വ); മാതൃകാ അധ്യാപകൻ
ഡോ. ടി. കെ. യൂസുഫ്

**33** നമുക്കുചുറ്റും
അനുസരണക്കേടോ പ്രവാചകസ്നേഹം?
ബിസ്മിത എം തിരുവനന്തപുരം

**34** കവിത
ആരാണ് ഉടയോൻ
ഉമ്മു നൂഹ്, വേങ്ങര

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ‘അത്തഹ്സ്വീൽ’ ഏകദിന ആദർശ പഠന ശിൽപശാല സമാപിച്ചു

മലപ്പുറം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ദഅ്‌വ വകുപ്പ് കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രബോധകന്മാർക്കുവേണ്ടി സംഘടിപ്പിച്ച് വരുന്ന ‘അത്തഹ്സ്വീൽ’ ആദർശ പഠന ശിൽപശാലക്ക് മലപ്പുറം മിനി ഊട്ടിയിലെ ജാമിഅ അൽഹിന്ദിൽ സമാപനം.

മലയാളക്കരയിലെ മുസ്‌ലിം സമുദായത്തിനിടയിൽ സംഘടനകളുടെ ആധിക്യവും അവ മുഖേനയുണ്ടാകുന്ന ആശയക്കുഴപ്പങ്ങളും ആശയപരമായ വൈജാത്യങ്ങൾ കൊണ്ടാണ് സംഭവിക്കുന്നത്. അഭിപ്രായ വ്യത്യാസങ്ങളുണ്ടായാൽ പ്രമാണങ്ങളായ ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുകയെന്നതാണ് അതിനുള്ള പരിഹാരം.

ഏതു വിഷയത്തിലും പ്രവാചകന്റെയും സ്വഹാബത്തിന്റെയും ആശയാദർശങ്ങൾ പഠിച്ചറിഞ്ഞ് പിൻപറ്റാൻ നമുക്ക് സാധിക്കണം. അപ്പോഴാണ് നാം നേരിന്റെ വഴിയിലാണെന്ന് ഉറപ്പിക്കാൻ സാധിക്കുക. സ്വഹാബികൾ അല്ലാഹു തൃപ്തിപ്പെട്ട ഉത്തമ വിശ്വാസികളാണ്. പ്രവാകന്റെ അനുചരന്മാരായി മാറാൻ ഭാഗ്യം ലഭിച്ചവരാണവർ. അവരാണ് ഇസ്‌ലാമിനെ പ്രവാചകനിൽനിന്ന് നേരിട്ട് മനസ്സിലാക്കി, സംശയങ്ങൾ ദൂരീകരിച്ച് അത് പ്രയോഗവത്കരിച്ച് കാണിച്ചവരും.

മുസ്‌ലിം കൈരളിയെ മത-ഭൗതിക രംഗങ്ങളിൽ കൈപിടിച്ചുയർത്തി നവോത്ഥാനം സാധ്യമാക്കിയ മുജാഹിദ് പ്രസ്ഥാനത്തിന്റെ യഥാർഥ പിന്തുടർച്ചയായ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനു മേൽ വ്യാജമായ ആരോപണങ്ങൾ ആസൂത്രിതമായി നടത്തിക്കൊണ്ടിരിക്കുന്നതിൽ വിവിധ സംഘടനകൾ ഒറ്റക്കെട്ടാണ്. സത്യം സത്യമായി തുറന്നു പറയുന്നു, ആദർശ മാർഗത്തിൽ വിട്ടുവീഴ്ചയില്ല എന്നതാണ് ഈ കടുത്ത എതിർപ്പിനു കാരണം.

തൽപര കക്ഷികളുടെ ദുർവ്യാഖ്യാനങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന വിശ്വാസപരമായ വ്യതിയാനങ്ങളെ തുറന്നുകാണിക്കുന്നതിൽ ശിൽപശാലക്ക് വലിയ പങ്ക് വഹിക്കാൻ കഴിയുന്നുണ്ട്. സമസ്തയിലെ പുതിയ ‘പടച്ചോൻ വാദ’വും ശിർക്കിന്റെ അപകടങ്ങളും മതരാഷ്ട്രവാദികളിലെ ഹാകിമിയത്തും അല്ലാഹുവിന് മാത്രം അവകാശപ്പെടുന്ന അഭൗതികശക്തി പടപ്പുകളിൽ പരികൽപിച്ച് നൽകുന്ന പുതിയ അക് ലാനിയ്യത്തും ഇഖ്‌വാനിസവും മതനിരാസത്തിലേക്കെത്തുന്ന പ്രമാണനിഷേധവുമെല്ലാം ശിൽപശാലയിൽ ആഴത്തിലുള്ള പ്രാമാണികമായ ചർച്ചക്ക് വിധേയമായി.

ശിൽപശാല വിസ്ഡം പണ്ഡിത സമിതി ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉൽഘാടനം ചെയ്തു. കഴിഞ്ഞകാല പണ്ഡിതരും പ്രബോധകരും സമുദായത്തെ നേർവഴിയിലെത്തിക്കാൻ സഹിച്ച ത്യാഗങ്ങളെ വൈകാരികമായി അദ്ദേഹം കോറിയിട്ടു.

സി.പി. സലീം ആധ്യക്ഷ്യം വഹിച്ചു. അബ്ദുല്ലാ ഫാസിൽ ആമുഖ സംസാരം നടത്തി. ഫൈസൽ മൗലവി പുതുപറമ്പ്, അബ്ദുൽ മാലിക് സലഫി, നിഹാദ് എംസിസി, മൂസ സ്വലാഹി കാര എന്നിവർ പ്രബന്ധമവതരിപ്പിച്ചു. ■

# ഒരു ഭീകരരാഷ്ട്രത്തിന്റെ അവസാനമില്ലാത്ത ചോരക്കൊതി

ഇസ്റാഈൽ എന്ന ഭീകര രാഷ്ട്രം ഫലസ്തീൻ എന്ന രാജ്യത്തെയും അവിടെയുള്ള ജനങ്ങളെയും മുഴുവൻ നാഗരികതകളെയും ചുട്ടുചാമ്പലാക്കുന്ന പുതിയ യുദ്ധമുഖം തുറന്നിട്ട് ഒരു വർഷം തികയാറായി. ഇസ്റാഈലിന്റെ അതിക്രൂരമായ ഉപരോധത്തിലും നിരന്തരമായ ആക്രമണങ്ങളിലും ശ്വാസംമുട്ടി കഴിയുകയായിരുന്ന ഗസ്സയിലെ ജനങ്ങളുടെ സ്വാഭാവിക പ്രതികരണമായിരുന്നു ഇസ്റാഈലിനെ അക്രമിച്ച 'ഓപ്പറേഷൻ അൽഅക്സ ഫ്ളഡ്.' ഫലസ്തീനികളെ-വിശേഷിച്ച് കുട്ടികളെ-ഒറ്റയായോ കൂട്ടത്തോടെയോ വെടിവച്ചിടുകയും അവരുടെ മരണപ്പിടച്ചിൽ കണ്ട് നിർവൃതിയടയുകയും ചെയ്യുക എന്നത് ഇസ്രായേൽ പട്ടാളത്തിന്റെ ദിനചര്യയിൽ പെട്ടതായിരുന്നു.

പതിറ്റാണ്ടുകളായി നിരന്തരമായി ആക്രമണങ്ങൾ നേരിടുന്ന ഒരു ജനത ഒരു ദിവസം തിരിച്ചടിച്ചപ്പോൾ അതിനെ ഭീകരതയായി ചിത്രീകരിക്കാനും ഇസ്രായേലിന് തിരിച്ചടിക്കാൻ അവകാശമുണ്ടെന്നു പ്രഖ്യാപിക്കാനും അമേരിക്കയടക്കമുള്ള പല രാജ്യങ്ങളും മുന്നോട്ടുവന്നു. ഇസ്റാഈലിന് തിരിച്ചടിക്കാൻ അവകാശമുണ്ടെന്നു പറയുന്നവർ ഫലസ്തിനികൾക്ക് അതിനുള്ള സ്വാതന്ത്ര്യം വകവച്ചുകൊടുക്കുന്നില്ല! ഫലസ്തീനികളോടുള്ള ഇസ്റാഈലിന്റെ ഏതു കൊടുംക്രൂരതയും അനിവാര്യമായ പ്രതികരണവും ഫലസ്തീനി കുട്ടികൾ ഇസ്റാഈൽ പട്ടാളക്കാരുടെ നേരെ കല്ലെറിഞ്ഞാൽ പോലും അത് മാപ്പർഹിക്കാത്ത ഭീകരപ്രവർത്തനവുമാണ്; അമേരിക്കപോലുള്ള രാഷ്ട്രങ്ങൾക്കും അന്താരാഷ്ട്ര മാധ്യമങ്ങൾക്കും.

അവസാനമില്ലാത്ത ചോരക്കൊതിയുമായി സയണിസ്റ്റുകൾ നരനായാട്ട് തുടരുകതന്നെയാണ്. പിറന്നുവീണ മണ്ണിൽ ജീവിക്കാനായുള്ള സ്വാതന്ത്ര്യത്തിനായി പോരാടുന്ന ഫലസ്തീൻ മക്കളെ കൊന്നുതള്ളിയിട്ടും പകതീരാതെ മൃതദേഹങ്ങളുടെ മേൽ കയറിനിന്ന് ആനന്ദ നൃത്തമാടുകയാണ് സയണിസ്റ്റ് മനുഷ്യപ്പിശാചുക്കൾ!

അമേരിക്കയുടെ പിൻബലത്തിലും ഒത്താശയിലുമാണ് ഇസ്റായേലിന്റെ ഈ നെഗളിപ്പെല്ലാം. ഫലസ്തീനികൾ തിരിച്ചടിച്ചപ്പോൾ 48 മണിക്കൂറിനുള്ളിൽ ഗസ്സയെയും ഹമാസിനെയും ഭൂമിയിൽ നിന്ന് തുടച്ചുനീക്കുമെന്ന് വീമ്പിളക്കിയവർ ഒരു വർഷമായിട്ടും ആശുപത്രികളും സ്കൂളുകളുമൊക്കെ ബോംബിട്ടു തകർത്ത് കുറെ നിരപരാധികളെ കൊന്നൊടുക്കാൻ മാത്രം കഴിഞ്ഞ് വിയർത്തു നിൽക്കുകയാണ്. ഹമാസിനെ ഇല്ലാതാക്കാനോ തടവുകാർ എവിടെയാണെന്നറിയാനോ അവരെ മോചിപ്പിക്കാനോ കഴിയാത്ത മാനക്കേടു തീർക്കാനുള്ള ശ്രമത്തിലാണവർ. തങ്ങൾ പരാജയപ്പെട്ട് പിന്തിയുന്നവരല്ല എന്ന് ലോകത്തെ ബോധ്യപ്പെടുത്താൻ നെറികെട്ട കളികൾ കളിക്കുകയാണ് ഇപ്പോൾ അവർ.

ഏതാനും ദിവസങ്ങൾക്കു മുമ്പു നടന്ന പേജർ-വാക്കിടോക്കി പൊട്ടിത്തെറികൾക്കു പിന്നിൽ ഇസ്രായേലാണെന്ന് വ്യക്തമായിരിക്കുകയാണ്. ലബനോണിൽ 12 പേരുടെ മരണത്തിനിടയാക്കുകയും നൂറുകണക്കിന് ആളുകൾക്ക് പരിക്കേൽപ്പിക്കുകയും ചെയ്ത സ്ഫോടന പരമ്പരക്കു കാരണമായ പേജറുകൾ ഹിസ്ബുല്ലക്ക് നിർമിച്ചുനൽകിയത് ഇസ്രായേലിന്റെ കടലാസ് കമ്പനിയാണ്. ഹംഗറി ആസ്ഥാനമായ ബിഎസി കൺസൾട്ടിങ്ങാണ് പൊട്ടിത്തെറിച്ച പേജറുകൾ നിർമിച്ചത്. ഇതൊരു ഇസ്റാഈൽ ഷെൽ കമ്പനിയാണെന്നാണ് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നത്. ഹിസ്ബുല്ലയുടെ ആശയവിനിമയശൃംഖല തകർക്കാൻ ഇസ്റാഈലി രഹസ്യാന്വേഷണ ഏജൻസികളുടെ വളരെ ആസൂത്രിതമായ നീക്കത്തിന്റെ ഭാഗമായിരുന്നു ഈ സ്ഫോടനങ്ങളെന്നാണ് റിപ്പോർട്ടുകൾ. ബിഎസിക്ക് ഇസ്റാഈലുമായുള്ള ബന്ധം മറച്ചുവയ്ക്കാൻ മറ്റു രണ്ട് ഷെൽ കമ്പനികൾകൂടി ഇസ്റാഈൽ രഹസ്യാന്വേഷണ വിഭാഗം ആരംഭിച്ചിരുന്നതായും റിപ്പോർട്ടിൽ പറയുന്നു.

ഇസ്റാഈലിന്റെ അക്രമങ്ങൾക്കെതിരെ പ്രസ്താവനകളിറക്കാനല്ലാതെ ഐക്യരാഷ്ട്ര സഭക്കും വിവിധ രാജ്യങ്ങൾക്കും കഴിയുന്നില്ല എന്നത് ലജ്ജാവഹമാണ്. ■




മൂസ സ്വലാഹി കാര
: 97473 45768

# അല്ലാഹുവിന്റെ ചില വിശേഷണങ്ങളെയും നിഷേധിക്കുന്നു!

കാന്തപുരം വിഭാഗം സമസ്തയുടെ പ്രസിദ്ധീകരണമായിരുന്ന സെൻസിംഗിന് സുല്ലമി നൽകിയ അഭിമുഖം പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ പുറംചട്ടയിൽ കൊടുത്തിരുന്ന തലക്കെട്ട് 'മൗലവി വിഭാഗക്കാർ മുശ്‌രിക്കുകൾ-സലാം സുല്ലമി' എന്നായിരുന്നു. അതിൽ ഇതേ വാദമാണ് അദ്ദേഹം പറഞ്ഞിരുന്നത്. ശബാബ് ലേഖകൻ അതിനെ രസകരമായി സംരക്ഷിക്കുന്നത് കാണുക: "സെൻസിംഗ് മാസികയിൽ സുല്ലമിയുടെ പേരിൽ പ്രസിദ്ധീകരിക്കപ്പെട്ട അഭിമുഖത്തിൽനിന്ന് സമാനമായ മറ്റൊരു വരിയും അടർത്തിക്കൊണ്ടുവന്ന് തെറ്റിദ്ധരിപ്പിക്കുന്നുണ്ട് 'നേർപഥ'ത്തിലെ പ്രസ്തുത ലേഖനത്തിൽ" (പേജ് 36).

സമസ്തക്കാർ അവരുടെ പ്രസിദ്ധീകരണത്തിന്റെ ചട്ടയിൽ സുല്ലമിയുടെ ഫോട്ടോ സഹിതം പുറത്തുവിട്ടതിനെപ്പറ്റിയാണ് ഈ പറയുന്നത്.

അല്ലാഹുവിന്റെ 'ഇറക്കം' എന്ന വിശേഷണത്തെ സുല്ലമി പരിഹസിച്ചെഴുതിയത് ഇവരുടെ വ്യതിയാനമാണെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ 'കട്ടുമുറികൾ കൊണ്ട് ഗൂഢലക്ഷ്യം നേടാനാവില്ല' എന്നു പറഞ്ഞ് ശബാബുകാരൻ വികാരഭരിതനാകുന്നത് കാണുക: "ഈ വരികൾ മാത്രം വായിക്കുന്ന ഒരാൾക്ക് എന്തൊക്കെയായിരിക്കും മനസ്സിൽ വരിക? സുല്ലമിയെ കുറിച്ച് അദ്ദേഹത്തിന്റെ വിശ്വാസത്തിലും നിലപാടിലും പ്രമാണങ്ങളോടുള്ള സമീപനത്തിലും പിഴവ് സംഭവിച്ചിട്ടുണ്ടെന്ന് തെറ്റിദ്ധാരണ പടർത്തി, അതുവഴി അദ്ദേഹത്തിന്റെ പ്രമാണബദ്ധമായ പ്രബോധനങ്ങൾ നിരാകരിക്കപ്പെടുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക എന്ന ഗൂഢലക്ഷ്യമാണ് ഇത്തരം കട്ടുമുറികൾക്ക് പിന്നിലുള്ളതെന്ന് വ്യക്തമാണല്ലോ. ഇവരുടെ അന്ധവിശ്വാസ പ്രചാരണത്തിന് അത്രമാത്രം ഭീഷണിയായിരുന്നു അബ്ദുസ്സലാം സുല്ലമി എന്ന് മരിച്ചിട്ടും മാറാത്ത ഈ പക കാണുമ്പോൾ തന്നെ മനസ്സിലാക്കാം" (ശബാബ് 2024 ആഗസ്റ്റ് 20/പേജ് 33).

തെറ്റുപറ്റി എന്ന് സമ്മതിക്കാനുള്ള വിവേകമില്ലായ്മയാണ് ഈ വരികളിൽ നിഴലിക്കുന്നത്. പിഴവുകളെ പ്രാമാണികമായി ചൂണ്ടിക്കാണിക്കുന്നത് 'പക കാണിക്കൽ' ആകുന്നതെങ്ങനെ?

രാത്രിയുടെ മൂന്നിലൊന്നിന്റെ അവസാനത്തിൽ അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങും എന്നതിനെ സുല്ലമി പരിധിവിട്ട് പരിഹസിച്ചത് ഇങ്ങനെയാണ്: "ഇരുപത്തിനാലു മണിക്കൂറും ഈ പ്രക്രിയ നടന്നുകൊണ്ടിരിക്കും. അപ്പോൾ ഇറക്കം(നുസൂൽ) എന്നതിന് ഇവർ നൽകുന്ന ബാഹ്യാർഥ പ്രകാരം സിംഹാസനത്തിൽ ആരോഹണം ചെയ്യാൻ അല്ലാഹുവിന് സമയമുണ്ടായിരിക്കുകയില്ല' (ശബാബ് 2009 ജൂലൈ 10/പേജ് 29)

ഈ പരിഹാസം മുജാഹിദുകൾ പിടികൂടിയപ്പോൾ ഇമാമുമാരായ ഇബ്നു ഹജർ അസ്കലാനി(റഹ്), നവവി(റഹ്) എന്നിവർ ഈ ഹദീസിനെ വിശദീകരിച്ചത് കൂട്ടിക്കലമ്പി അന്ന് സുല്ലമി ഒപ്പിച്ച മറുപടി എടുത്തെഴുതി രക്ഷപ്പെടാൻ ശബാബുകാരൻ ശ്രമിച്ചതല്ലേ തെറ്റിദ്ധരിപ്പിക്കൽ? ഹദീസുകളെ വിശദീകരിക്കുമ്പോൾ അതിനെപ്പറ്റിയുള്ള എല്ലാത്തരം ചർച്ചകളും പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ കൊണ്ടുവരും. മുശബ്ബിയാക്കൾ, ഖവാരിജുകൾ, മുഅ്തസിലിയാക്കൾ എന്നീ പിഴച്ച വിഭാഗങ്ങളുടെ അഭിപ്രായങ്ങളെപ്പറ്റി ഈ ഇമാമുമാർ പറഞ്ഞ അദ്ദേഹം പറയാത്തതാണ് അതെങ്കിൽ എന്തുകൊണ്ടത് തുറന്നുപറയുകയോ പിൻവലിപ്പിക്കുകയോ ചെയ്തില്ല? അദ്ദേഹത്തെ സംരക്ഷിക്കാൻ ഒരു പ്രസ്താവന പോലും സംഘടന നടത്തിയിട്ടില്ല. അദ്ദേഹത്തിനു ശേഷവും ഈ പ്രശ്നം മുഴച്ച് നിൽക്കുമ്പോൾ അത് ഔദ്യോഗികമായി നീക്കേണ്ടത് നേതൃത്വത്തിന്റെ കടമയല്ലേ?

സുല്ലമിക്ക് ശേഷം വ്യതിയാനം വന്ന 'ഭൗതിക' സിദ്ധാന്തം പ്രചരിപ്പിക്കാൻ ഇവർ അവതരിപ്പിച്ച കുഴിപ്പുറം സുല്ലമി ഈ വാദത്തിന് അടിവരയിടുന്നത് നോക്കൂ: "ശാസ്ത്രീയ നിരീക്ഷണ പരീക്ഷണങ്ങൾക്കും പഞ്ചേന്ദ്രിയങ്ങൾക്കും മനസ്സിലാവുന്ന വസ്തുക്കൾക്കും ശക്തികൾക്കുമാണ് ഭൗതികം എന്നു പറഞ്ഞു വരുന്നത്. ആ രണ്ടു നിലയിലും ഉൾക്കൊള്ളാവുന്നയല്ല ജിന്നുകൾ. അതിനാൽ ജിന്നുകൾ തീർത്തും അഭൗതികമാണ്" (അത്തൗഹീദ് ദ്വൈമാസിക / 2014 ജനുവരി-ഫെബ്രുവരി / പേജ് 36).

അമാനി മൗലവി ജിന്നുകളെ കുറിച്ച് 'അവർ നമ്മെ സംബന്ധിച്ചിടത്തോളം അഭൗതിക ജീവികളാണ്' എന്നു പറഞ്ഞതിനെ മറയാക്കി ശബാബുകാരൻ പറയുന്നു: "പിശാചും അവന്റെ ഉപദ്രവവും നമ്മെ സംബന്ധിച്ചിടത്തോളം അഭൗതികമാണെന്നതുകൊണ്ടാണ് അവനിൽനിന്ന് ദുഷ്പ്രേരണയുണ്ടാവുമ്പോൾ അല്ലാഹുവിനോട് ശരണം തേടാൻ പറയുന്നത്. വിസ്ഡംകാർ പറയുന്നതുപോലെ ജിന്ന് ഭൗതികമാണെങ്കിൽ ഇങ്ങനെയല്ലല്ലോ പരിഹാരം നിർദേശിക്കുക" (പേജ് 38).

അമാനി മൗലവിയുടെ കനപ്പെട്ട ഖുർആൻ വിവരണം അരിച്ചുപെറുക്കിയാൽ പോലും ഇക്കൂട്ടർ പാകപ്പെടുത്തിയെടുത്ത ആശയം കാണാൻ കഴിയില്ല, അഥവാ ദർശിക്കാൻ കഴിയാത്തതിനെയെല്ലാം തൗഹീദും ശിർക്കും വേർതിരിക്കുന്ന അഭൗതികമാക്കുക എന്നതിന് തെളിവ് കിട്ടില്ല. മൗലവിയുടെ വിശ്വാസം കാണുക: "എന്നാൽ സൃഷ്ടികളുടെ കഴിവിൽ പെടാത്തതും അദൃശ്യമാർഗത്തിലൂടെ അല്ലാഹുവിൽനിന്ന് മാത്രം ലഭിക്കേണ്ടതുമായ കാര്യങ്ങളിൽ അവനോട് മാത്രമെ സഹായം തേടാവൂ എന്നതിൽ സംശയം ഇല്ല. അത്തരം കാര്യങ്ങളിൽ അല്ലാഹു അല്ലാത്ത ആരോടും സഹായം അർഥിക്കുന്നത് കേവലം നിരർഥകമാണെന്ന് മാത്രമല്ല, അത് ശിർക്കും സൃഷ്ടികൾക്ക് ദിവ്യത്വം കൽപ്പിക്കലുമാകുന്നു" (വി.ഖു. വിവരണം/ വാള്യം 1/പേജ് 113).

തിലേക്ക് മാത്രം ഇവരുടെ ശ്രദ്ധ പോയത് എന്തുകൊണ്ടാണ്? അഹ്‌ലുസ്സുന്നയുടെ പ്രാമാണികരായ ഇമാമുമാരുടെ 'അല്ലാഹുവിന്റെ വിശേഷണങ്ങൾക്ക് രൂപം പറയാനോ, വ്യാഖ്യാനിക്കാനോ, സാദൃശ്യപ്പെടുത്താനോ, അതിരുവിടാനോ പാടില്ല' എന്ന ശരിയും പ്രബലവുമായ നിലപാട് സ്വീകരിക്കാൻ എന്തേ ഇവർ മടിക്കുന്നു? ഈ രണ്ട് ഇമാമുമാരുടെ വിശദമായ ചർച്ചകളെ ദുരുപയോഗം ചെയ്ത് അല്ലാഹുവിന്റെ സ്വിഫത്തിനെ പരിഹസിച്ചത് പ്രമാണബദ്ധമായ പ്രബോധനമാകുമോ?

മർക്കസുദ്ദഅ്‌വയുടെ പ്രസിഡന്റായി ഇപ്പോഴും തുടരുന്ന ഇ.കെ അഹ്മദ് കുട്ടി സാഹിബ് 'ആകാശത്തുള്ളവൻ' എന്ന അല്ലാഹുവിന്റെ വിശേഷണത്തെ തള്ളിപ്പറഞ്ഞത് ലേഖനത്തിൽ ഉദ്ധരിച്ചതിനെപ്പറ്റി ശബാബുകാരൻ ഒന്നും മിണ്ടാതെ പോയതെന്താണ്! അല്ലാഹുവിന്റെ അസ്തിത്വത്തെ വെല്ലുവിളിക്കുന്ന നിഷേധമല്ലേ അത്! 'പ്രസ്തുത വിഷയത്തിൽ ഇപ്പോഴും അതേ അഭിപ്രായം തന്നെയാണ് അദ്ദേഹത്തിനുള്ളത് എന്ന് സാന്ദർഭികമായി പറയട്ടെ' എന്ന് 'വെളിച്ചം' സമ്മേളന സുവനീറിൽ എഴുതിയത് മുജാഹിദുകളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് എന്നും 'സാന്ദർഭികമായി' ഉണർത്തട്ടെ! മുജാഹിദുകൾ ചോദിക്കുന്നത് ഇതിനുള്ള സ്വീകാര്യയോഗ്യമായ തെളിവാണ്.

അറിവിനെ ആയുധമാക്കി പ്രബോധനരംഗത്ത് വിപ്ലവം സൃഷ്ടിച്ച, തൗഹീദിന്റെ ഉറച്ച ശബ്ദമായിരുന്ന കെ. ഉമർ മൗലവി(റഹ്) ഈ വിഭാഗത്തിന്റെ വഴിപിഴച്ച പോക്ക് കണ്ടിട്ട് ഇവരെ 'സയണിസം' പെട്ടെന്ന് പിടികൂടിയല്ലോ എന്ന് തന്റെ 'ഓർമകളുടെ തീര'ത്തിൽ പറഞ്ഞതിനെ ശബാബുകാരൻ സൂത്രത്തിൽ മറികടക്കാൻ ശ്രമിക്കുന്നത് കാണുക: "ശബാബിൽ വന്ന മുകളിൽ സൂചിപ്പിച്ച മുഖപ്രസംഗത്തെയും ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയെയും പ്രതിക്കൂട്ടിൽ നിർത്താൻ 'നേർപഥ'ത്തിലെ ലേഖകൻ ഉദ്ധരിച്ചത് ഉമർ മൗലവിയുടേതെന്ന് ഉറപ്പില്ലാത്തതും അദ്ദേഹത്തിന്റെ പേരിലുള്ളതുമായ വരികളാണല്ലോ" (പേജ് 37).

ശബാബുകാരേ, കരണം മറിയാതെ വ്യക്തമായ മറുപടി തരിക. 'ഓർമകളുടെ തീരത്ത്' എന്ന ഗ്രന്ഥം ആരെങ്കിലും തോന്നിയത് കുത്തിക്കുറിച്ചുണ്ടാക്കിയതല്ല. ഉമർ മൗലവി പറഞ്ഞുകൊടുത്ത് എഴുതിച്ചതാണത്. നിങ്ങൾ ഒളിപ്പിച്ചുവെച്ചിരുന്ന ആദർശവ്യതിയാനമടക്കമുള്ള പ്രശ്നങ്ങളെ തന്റെ 'സൽസബീലി'ൽ 'മനസ്സാക്ഷി' എന്ന ലേഖനത്തിലൂടെ ഉമർ മൗലവി പുറത്തിട്ടപ്പോൾ വെറുപ്പ് മൂത്ത് നിങ്ങൾ അതിനെ 'സിൽസിൽ ബൗൽ' എന്ന് പരിഹസിച്ച് വിശേഷിപ്പിച്ചതൊക്കെ പെട്ടെന്നങ്ങ് മറക്കാൻ പറ്റുമോ? ശബാബ്കാരൻ പറയുന്നത് നോക്കൂ: "ആ ഉമർ മൗലവി പ്രബോധന വിജയത്തിന് പൊതുതാൽപര്യമേഖല കണ്ടെത്തുക എന്ന ഒരു തലക്കെട്ട് കാണുമ്പഴേക്ക് സമണിസത്തിന് നീരും വളവും നൽകി സംരക്ഷിക്കുന്ന അമേരിക്കയുമായി ഈ ആശയത്തിന് ബന്ധമുണ്ടെന്ന് കരുതുകയും ഞെട്ടിപ്പോവുകയും ചെയ്യുമെന്ന് ഒരിക്കലും വിശ്വസിക്കാനാവില്ല" (പേജ് 38).

അദ്ദേഹത്തിന്റെ ദീർഘവീക്ഷണം തെറ്റിയിട്ടില്ല. 2024 ജനുവരി രണ്ട് ചൊവ്വാഴ്ച മലപ്പുറത്തുവെച്ച് നടന്ന സിഹ്റ് സംവാദത്തിൽ ഇമാം ബുഖാരി(റഹ്)യുടെ സ്വഹീഹുൽ ബുഖാരി പ്രചരിപ്പിക്കുന്നത് സയണിസമാണെന്ന് നിങ്ങൾ തട്ടിവിട്ടത് കേട്ടാൽ ഇസ്‌ലാമിനോട് ആത്മാർഥതയുള്ളവർ എങ്ങനെ ഞെട്ടാതിരിക്കും.

'ഇസ്‌ലാമുമായി മനസ്സ് ഇണക്കപ്പെട്ടവർ' എന്ന, സകാത്തിനെ അവകാശികളിൽപെട്ട ഒരു വിഭാഗത്തെപ്പറ്റി അമാനി മൗലവി നൽകിയ വിശദീകരണത്തിൽ നിന്ന് പ്രബോധനരംഗത്ത് തങ്ങൾ മുൻഗണന കൊടുക്കുന്ന 'പൊതുതാൽപര്യ മേഖല'ക്ക് അഥവാ 'സോപ്പിംഗ് പ്രബോധന'ത്തിന് തെളിവ് തപ്പിയെടുക്കാൻ കുറെ വരികൾ ശബാബുകാരൻ എഴുതിക്കൂട്ടുന്നുണ്ട്. എന്നാൽ മൗലവി പറഞ്ഞതിൽ അങ്ങനെയൊരാശയം കണ്ടെത്താൻ സാധ്യമല്ല.

സാമൂഹിക മേഖലകളിൽ ഇസ്‌ലാം ശ്രദ്ധിക്കാൻ പറഞ്ഞ കാര്യങ്ങൾ മുജാഹിദുകൾ നിരാകരിച്ചിട്ടുമില്ല. ചെറിയമുണ്ടം 2002ൽ പറഞ്ഞത് ഒരുപക്ഷേ, ഇവരെ ഉന്നംവെച്ചുതന്നെയാകാം: "ഒരു നൂറ്റാണ്ടിൽ ലോകത്തുടനീളം അർപ്പണബോധത്തോടെ പ്രവർത്തനനിരതരായ ഇസ്‌ലാഹീ പ്രവർത്തകരുടെ ശ്രമഫലമായി കുറെയൊക്കെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഒരു വലിയ വിഭാഗം മുസ്‌ലിംകൾ ഇപ്പോഴും നെല്ലും പതിരും തിരിച്ചറിയാൻ കഴിവില്ലാത്തവരായി തുടരുകയാണ്. ഈ അവസ്ഥക്ക് മാറ്റം വരണമെങ്കിൽ വ്യതിയാനം നേരിടാത്ത ആദ്യ തലമുറകളുടെ വിശ്വാസപരവും കർമപരവുമായ നിലപാടിലേക്ക് ഇന്നത്തെ തലമുറ തിരിച്ചുപോവുക അനിവാര്യമാണെന്നാണ് ഇസ്‌ലാഹീ പ്രസ്ഥാനം കരുതുന്നത്" (ശബാബ് 2002 ഡിസം 20/പേജ് 4).

ഉസ്മാൻ പാലക്കാഴി
: 9656 292 244

# മുഹമ്മദ് നബി(സ്വ): അന്തിമ ദൂതൻ

عـن أبـي هريـرة رضـي الله عنـه أن رسـول الله صلـى الله عليـه وسـلم قـال إن مَثَلى ومَثَـل الأنبيـاء مـن قبلى كمثـل رجـلٍ بنى بيتًـا فأحسـنه وأجملـه إلا موضـع لَبِنَـةٍ مـن زاويـةٍ فجعـل النـاس يطوفـون بـه ويعجبـون لـه ويقولـون هـلا وضعـت هـذه اللبنـة قـال فأنـا اللبنـة وأنـا خاتـم النبييـن [متفـق عليـه]

അബൂഹുറയ്റ (റ) യിൽ നിന്നും നവേദനം, നബി(സ്വ) പറഞ്ഞിരിക്കുന്നു: "എന്റെയും എന്റെ മുമ്പ് കഴിഞ്ഞുപോയ നബിമാരുടെയും ഉദാഹരണം ഒരാളെപ്പോലെയാണ്. അയാളൊരു വീടുണ്ടാക്കി. അതിന്റെ ഒരു മൂലയിൽ ഒരു ഇഷ്ടികയുടെ സ്ഥാനമൊഴികെ ബാക്കിയെല്ലാം പൂർത്തിയാക്കുകയും നന്നാക്കുകയും ചെയ്തു. ആളുകൾ ആ വിട്ടിൽ പ്രവേശിക്കുകയും അത്ഭുതം കൊള്ളുകയും അവർ (ഇപ്രകാരം) പറയുകയും ചെയ്തു: 'ആ ഇഷ്ടികയുടെ സ്ഥാനം കൂടി പൂർത്തിയാക്കിയിരുന്നെങ്കിൽ.' അവിടുന്ന് പറഞ്ഞു: 'ഞാനാകുന്നു ആ ഇഷ്ടിക, ഞാൻ നബിമാരിൽ അന്തിമനാകുന്നു" (ബുഖാരി, മുസ്‌ലിം)

മുഹമ്മദ്നബി(സ്വ)യെ അവസാനത്തെ ദൈവദൂതനായി അംഗീകരിക്കേണ്ടത് ഇസ്‌ലാമികാദർശം പിന്തുടരുവാൻ ഉദ്ദേശിക്കുന്നവന്റെ കടമയാണ്. അദ്ദേഹത്തിനുശേഷം ദൈവദൂതൻ വന്നിട്ടുണ്ടെന്നും ഇനിയും ഒന്നോ ഒന്നിലധികം ദൂതൻമാരോ വരാനുണ്ട് എന്നും വിശ്വസിച്ചുകൊണ്ട് ഒരാൾക്ക് മുഹമ്മദ് നബി(സ്വ)യിലൂടെ ലഭിച്ച ദൈവിക മാർഗദർശനത്തിന്റെ അവകാശിയായിത്തീരാൻ കഴിയില്ല എന്ന വസ്തുത യാതൊരു സംശയത്തിനും ഇടയില്ലാത്ത വിധത്തിൽ ക്വുർആൻ വ്യക്തമാക്കിയിട്ടുള്ളതാണ്:

"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ആരുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏതുകാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (ക്വുർആൻ 33:40).

'അവസാനത്തെ' എന്നതിന് ഈ സൂക്തത്തിൽ വന്നിട്ടുള്ള പദം 'ഖാതം' എന്നാണ്. അതിന്റെ അർഥം 'മുദ്ര' എന്നാണെന്നും അങ്ങനെ വരുമ്പോൾ 'പ്രവാചകൻമാരുടെ മുദ്ര' എന്നാണ് ശരിയായ അർഥമെന്നും 'അവസാനത്തെ പ്രവാചകൻ' എന്നു പറയാൻ പാടില്ലെന്നും ഇനിയും നബിമാർ വരും എന്ന ആശയത്തിന്റെ വക്താക്കൾ വ്യാഖ്യാനിച്ചുവരുന്നു. യാതൊന്നും ഉള്ളിലേക്ക് കടക്കാത്ത നിലക്ക് സംരക്ഷിക്കുന്നതിന് മുദ്ര വെച്ചു എന്നുപറയാറുണ്ട്. മുഹമ്മദ് നബി(സ്വ) പ്രവാകൻമാരുടെ മുദ്രയാണെന്നു പറഞ്ഞാൽ അതിന്റെ അർഥം ഇനിയൊരു നബിയും വരാനില്ല എന്നുതന്നെയല്ലേ? ആ മുദ്ര പൊട്ടിച്ചാലല്ലേ മറ്റൊരുപ്രവാചകൻ വരികയുള്ളൂ? അങ്ങനെ സംഭവിക്കുക എന്നത് ക്വുർആനിക ആശയത്തിന് വിരുദ്ധമാകില്ലേ? ഒരു ക്വുർആൻ സൂക്തം കാണുക:

"അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്രവെച്ചിരിക്കുന്നു..."(2:7). ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്രവെച്ചിരിക്കുന്നു എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം സത്യസന്ദേശം അവയിൽ പ്രവേശിക്കില്ല അഥവാ കേൾക്കുവാനും ഉൾക്കൊള്ളുവാനും അവർക്ക് കഴിയില്ല എന്നാണ്. നബിമാർക്ക് മുദ്രവെച്ചു എന്ന് പറഞ്ഞാൽ പ്രവാചകത്വത്തിലേക്ക് ഇനി ആരും പ്രവേശിക്കില്ല എന്നർഥം. മുഹമ്മദ് നബി(സ്വ) അവസാനത്തെ പ്രവാചകനാണെന്ന് വ്യക്തം.

ഇസ്‌ലാം മുഹമ്മദ് നബി(സ്വ)യുടെ കാലത്ത് തന്നെ പൂർത്തീകരിക്കപ്പെട്ട മതമാണ്. വിശുദ്ധ ക്വുർആൻ പറയുന്നു: "...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിതന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ പൂർത്തിയാക്കിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു...."(5:3).

മതത്തിന്റെ പൂർത്തീകരണത്തിനായി ഇനിയൊരു പ്രവാചകൻ വരേണ്ടതില്ലെന്ന് വ്യക്തം. പ്രവാചകനും വേദഗ്രന്ഥവും മതനിയമങ്ങളുമെല്ലാം മതത്തിന്റെ ഭാഗമാണ്. മതം പൂർത്തിയായി എന്നുപറഞ്ഞാൽ പ്രവാചകൻ, വേദഗ്രന്ഥം, മതനിയമങ്ങൾ തുടങ്ങിയവയെല്ലാം പൂർത്തിയായി എന്നുതന്നെയാണ്. പൂർത്തിയായ മതത്തിലേക്ക് യാതൊന്നും കൂട്ടിച്ചേർക്കുവാൻ ആർക്കും അല്ലാഹു അനുവാദം നൽകുന്നില്ല. ■

ഹാഷിം കാക്കയങ്ങാട്



# സന്താനങ്ങൾ; അനുഗ്രഹവും പരീക്ഷണവും

മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ പേടിപ്പെടുത്തുന്ന രീതിയിലുള്ള വിള്ളൽ വീണ് തുടങ്ങിയെന്ന വാർത്തകളാണ് ദിനംപ്രതി നാം കേട്ടുകൊണ്ടിരിക്കുന്നത്. തന്നെ താനാക്കി മാറ്റുന്നതിന് ജീവിതത്തിന്റെ സിംഹഭാഗവും ബലികഴിച്ച മാതാപിതാക്കളോട് യാതൊരു കടമയും കടപ്പാടുമില്ലാത്ത രീതിയിലാണ് പല മക്കളും മുന്നോട്ട് കുതിക്കുന്നത്.

ആറ്റുനോറ്റ് വളർത്തിയ മക്കൾ എല്ലാ പ്രതീക്ഷകളും തല്ലിക്കെടുത്തി, രക്ഷിതാക്കളുടെ ഇടനെഞ്ചിൽ തീക്കനൽ കോരിയിട്ടുകൊണ്ട് ജീവിക്കുന്ന വേദനിപ്പിക്കുന്ന



ഇഹലോകത്തെ അലങ്കാരങ്ങളും പരലോകത്തെ പ്രതീക്ഷകളുമാണ് സന്താനങ്ങൾ. എന്നാൽ ഇരുലോക ജീവിതത്തിലും ലക്ഷ്യസാക്ഷാത്കാരത്തിലെ വൈതരണികളായി മാറാനും സന്താനങ്ങളുടെ പ്രവൃത്തികൾ കാരണമായേക്കാം. വ്യക്തമായ കാഴ്ചപ്പാടോടും കൃത്യമായ മാർഗനിർദേശങ്ങളോടും കൂടി മക്കളെ വളർത്തുന്നതിലൂടെ മാത്രമെ ഉത്തമ തലമുറയെ പരുവപ്പെടുത്തിയെടുക്കാനാവൂ.

കാഴ്ചകൾ നാം നിത്യവും കാണുകയും കേൾക്കുകയും ചെയ്യുന്നു. മാതാപിതാക്കളുടെയും ബന്ധുമിത്രാദികളുടെയും നെഞ്ച് പൊട്ടിയുള്ള കരച്ചിലുകൾക്ക് യാതാരു വിലയും കൽപിക്കാതെ, ഈയിടെ മാത്രം ബസ് സ്റ്റോപ്പിൽ വച്ച് പരിചയപ്പെട്ട ചെറുപ്പക്കാരന്റെ കൂടെ ഇറങ്ങിപ്പോകാൻ സന്നദ്ധരാകുന്ന പെൺകുട്ടികൾ നൽകുന്ന സന്ദേശം അത്യാപത്തിന്റെതാണ്. പെൺകുട്ടികൾ കപടസ്നേഹത്തിന്റെയും പ്രേമത്തിന്റെയും വലക്കണ്ണികളിൽ കുരുങ്ങി സർവവും ഉപേക്ഷിച്ച് ഇറങ്ങിപ്പോകുന്നതാണ് പ്രശ്നമെങ്കിൽ ആൺമക്കളുടെ കാര്യം അതിലേറെ അലോസരപ്പെടുത്തുന്നതാണ്. കൗമാരത്തിന്റെ പടവുകൾ പിന്നിടുന്നതിന് മുമ്പുതന്നെ മയക്കുമരുന്നിനും ലൈംഗിക വൈകൃതങ്ങൾക്കും അടിമപ്പെടുകയാണ് ആൺകുട്ടികളിൽ വലിയൊരു വിഭാഗം. നാടിനെയും സമൂഹത്തെയും ഭാവിയിൽ നയിക്കേണ്ടവർ ലഹരി നുണഞ്ഞ് കുഴഞ്ഞ് പോകുമ്പോൾ അതിന്റെ പാപഭാരം ആരിലെങ്കിലും ചാർത്തി രക്ഷപ്പെടാനാണ് പലരും ശ്രമിക്കുന്നത്.

ഈ വിഷയങ്ങളിൽ ചില തിരിഞ്ഞ് നോട്ടങ്ങളും ആത്മവിമർശനങ്ങളും നാം നടത്തിയില്ലെങ്കിൽ നമ്മുടെ വീടിന്റെ അകത്തളങ്ങളിലും അസ്വസ്ഥതകളുടെ കരിമ്പുക ഉയരുമെന്നുറപ്പാണ്.

### മക്കൾ പരീക്ഷണവും അലങ്കാരവുമാണ്

വിവാഹം കഴിഞ്ഞ് വർഷങ്ങളായിട്ടും ഒരു കുഞ്ഞിക്കാൽ കാണുകയെന്നത് വെറും സ്വപ്നം മാത്രമായി അവശേഷിക്കുന്ന ധാരാളം ദമ്പതിമാർ നമുക്ക് ചുറ്റുമുണ്ട്. ഒട്ടേറെ ഡോക്ടർമാരെ കാണിച്ചു. പലവിധ ചികിത്സകളും നടത്തി. ദമ്പതികൾ ഇരുവർക്കും യാതൊരു കുഴപ്പവും കാണുന്നുമില്ല. പക്ഷേ, കുട്ടികൾ ഉണ്ടാകുന്നില്ല. ചിലരിൽ കുഴപ്പങ്ങളുണ്ട്. അല്ലാഹുവിന്റെ ചില വചനങ്ങൾ അത്തരമാളുകൾക്ക് സമാധാനം നൽകുന്നു:

"അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും

സർവശക്തനുമാകുന്നു" (ഖുർആൻ 42:49,50).

അല്ലാഹുവാണ് സന്തതികളെ നൽകുന്നതും നൽകാതിരിക്കുന്നതും. രണ്ടും പരീക്ഷണമാണ്. പലരുടെയും വിശ്വാസത്തിൽ പുഴുക്കുത്ത് വീഴുന്ന മേഖലയാണ് മക്കളില്ലാതെ പരീക്ഷിക്കപ്പെടൽ എന്നതുകൂടി ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതുണ്ട്. സിദ്ധന്മാരും ഭാവി പ്രവചനക്കാരും പാമരജനങ്ങളെ ചൂഷണം ചെയ്ത് തടിച്ചുകൊഴുക്കുന്നു. തങ്ങളുടെ ഇഹപര നഷ്ടങ്ങളെക്കുറിച്ച് ചൂഷണം ചെയ്യപ്പെടുന്നവർ ഓർക്കുന്നുമില്ല.

മക്കളില്ലാതെ പരീക്ഷിക്കപ്പെട്ട ഇബ്റാഹീം(അ), സകരിയ്യാ(അ) എന്നിവരുടെ ചരിത്രം അല്ലാഹു നമ്മെ പഠിപ്പിക്കുന്നതിൽ നമുക്ക് ഗുണപാഠമുണ്ടെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടത് അറിവുള്ളവരുടെ കടമയാണ്. ദൈവികസന്ദേശങ്ങളുടെ വാഹകരായിരുന്ന മാതൃകാപുരുഷന്മാരായ പ്രവാചകന്മാർ പോലും സന്താനങ്ങൾക്കായി കൊതിക്കുകയും ക്ഷമയോടെ പ്രാർഥിക്കുകയും ചെയ്തതായി വിശുദ്ധ ഖുർആൻ ഉണർത്തുന്നുണ്ട്.

"അവിടെ വെച്ച് സകരിയ്യാ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്കു നീ നിന്റെ പക്കൽനിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാ ണല്ലോ എന്ന് അദ്ദേഹം പറഞ്ഞു"(3:38).

ഇബ്റാഹീം നബി(അ) പ്രാർഥിച്ചത് ഇങ്ങനെയാണ്: "എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ"(37:100).

മക്കളെ ലഭിച്ചവർ അതിന് അല്ലാഹുവോട് അങ്ങേയറ്റം നന്ദി കാണിക്കേണ്ടതുണ്ട്. ഭൗതികതയുടെ അതിപ്രസരത്തിൽ പലരും മറന്നുപോവുകയും അലസരാവുകയും ചെയ്യുന്ന കാര്യമാണിത്. മറ്റു പലർക്കും ലഭിക്കാത്ത സൗഭാഗ്യമാണ് തങ്ങൾക്ക് ലഭിച്ചിരിക്കുന്നത് എന്ന ഓർമ സന്താനങ്ങളുള്ളവർക്ക് എപ്പോഴുമുണ്ടാകണം. എന്തൊക്കെ പ്രയാസങ്ങളുമായിട്ടാണ് വീട്ടിലേക്ക് കയറിച്ചെല്ലുന്നതെങ്കിലും പൊന്നോമനകളുടെ മുഖം കാണുന്നതോടുകൂടി നാം അതെല്ലാം മറക്കുന്നു. അവരെ ഓമനിച്ച്, അവരോടൊപ്പം കളിച്ച് രസിക്കുമ്പോൾ നമുക്കുണ്ടാകേണ്ട ബോധം ബാല്യ-കൗമാരങ്ങൾ കഴിയുന്നതോടുകൂടി കെട്ടുപോകാൻ പാടില്ല ഈ സന്തോഷം എന്നതായിരിക്കണം.

മക്കൾ അല്ലാഹു നൽകുന്ന ദാനമാണെന്നു നാം തിരിച്ചറിയണം. അതുകൊണ്ട് നന്ദിയോടെ അതിനെ സ്വീകരിക്കാൻ കഴിയണം. ആണായാലും പെണ്ണായാലും അതിൽ സംതൃപ്തിയും സന്തോഷവുമാണ് നന്ദിയുള്ള

> ആറ്റുനോറ്റ് വളർത്തിയ മക്കൾ എല്ലാ പ്രതീക്ഷകളും തല്ലിക്കെടുത്തി, രക്ഷിതാക്കളുടെ ഇടനെഞ്ചിൽ തീക്കനൽ കോരിയിട്ടുകൊണ്ട് ജീവിക്കുന്ന വേദനിപ്പിക്കുന്ന കാഴ്ചകൾ നാം നിത്യവും കാണുകയും കേൾക്കുകയും ചെയ്യുന്നു. മാതാപിതാക്കളുടെയും ബന്ധുമിത്രാദികളുടെയും നെഞ്ച് പൊട്ടിയുള്ള കരച്ചിലുകൾക്ക് യാതൊരു വിലയും കൽപിക്കാതെ, ഈയിടെ മാത്രം ബസ് സ്റ്റോപ്പിൽ വച്ച് പരിചയപ്പെട്ട ചെറുപ്പക്കാരന്റെ കൂടെ ഇറങ്ങിപ്പോകാൻ സന്നദ്ധരാകുന്ന പെൺകുട്ടികൾ നൽകുന്ന സന്ദേശം അത്യാപത്തിന്റേതാണ്. പെൺകുട്ടികൾ കപടസ്നേഹത്തിന്റെയും പ്രേമത്തിന്റെയും വലക്കണ്ണികളിൽ കുരുങ്ങി സർവവും ഉപേക്ഷിച്ച് ഇറങ്ങിപ്പോകുന്നതാണ് പ്രശ്നമെങ്കിൽ ആൺമക്കളുടെ കാര്യം അതിലേറെ അപലോസരപ്പെടുത്തുന്നതാണ്. കൗമാരത്തിന്റെ പടവുകൾ പിന്നിടുന്നതിന് മുമ്പുതന്നെ മയക്കുമരുന്നിനും ലൈംഗിക വൈകൃതങ്ങൾക്കും അടിമപ്പെടുകയാണ് ആൺകുട്ടികളിൽ വലിയൊരു വിഭാഗം.

ദാസന്മാർക്ക് വേണ്ടത്. പിറക്കാനിരിക്കുന്നത് പെണ്ണാണെന്നറിഞ്ഞാൽ (ഗർഭാവസ്ഥയിൽ തന്നെ ലിംഗനിർണയം നടത്തി) ജനിക്കാനുള്ള അവകാശം പോലും നിഷേധിച്ചുകൊണ്ടുള്ള ഭ്രൂണഹത്യകൾ ഇസ്‌ലാമിക ദൃഷ്ട്യാ കൊടും ക്രൂരതയും പാപവുമാണ്. പെൺകുഞ്ഞ് പിറക്കുന്നത് അപമാനമായി കണ്ടിരുന്ന ഒരു കാലത്ത് നബി(സ്വ) പറഞ്ഞത് ശ്രദ്ധിക്കുക: "ആരെങ്കിലും രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിയെത്തുന്നതുവരെ സംരക്ഷിച്ച് വളർത്തിയാൽ പരലോകത്ത് അയാൾ എന്നോടൊപ്പം സ്വർഗത്തിലായിരിക്കും" (മുസ്‌ലിം).

മനുഷ്യരുടെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായി പെണ്ണും ആണും വിരൂപികളുമൊക്കെയായി സന്താനങ്ങൾ പിറക്കുമ്പോൾ ദൈവത്തിന്റെ നിശ്ചയവും തീരുമാനവുമാണവിടെ നടക്കുന്നതെന്നും മനുഷ്യന്റെ ദുർബലതയും നിസ്സഹായതയും തിരിച്ചറിയുകയും ചെയ്യേണ്ടതുണ്ട്.

സന്താനങ്ങളെക്കുറിച്ച് ഖുർആനിൽ അല്ലാഹു പറയുന്നു: “സമ്പത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരങ്ങളാകുന്നു...”(18:46).

ഈ അലങ്കാരത്തിന്റെ ഭംഗിയും ശോഭയും നശിക്കാതെ സൂക്ഷിക്കേണ്ടത് നമ്മളോരോരുത്തരുടെയും ബാധ്യതയാണ്. അതല്ലെങ്കിൽ നമുക്ക് പരീക്ഷണങ്ങളും വേദനകളും സമ്മാനിക്കുന്നവരായി അവർ മാറും. മക്കളുമായി ബന്ധപ്പെട്ട വർത്തമാനകാല പ്രതിസന്ധികളുടെ മൂലകാരണം നമ്മുടെ ശ്രദ്ധയില്ലായ്മ യും സൂക്ഷ്മതക്കുറവും തന്നെയാണെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു.

**മക്കൾ അമാനത്താണ്**

പ്രവാചകൻ(സ്വ) പറഞ്ഞു: “നിങ്ങളോരോരുത്തരും കൈകാര്യകർത്താക്കളാകുന്നു. നിങ്ങളുടെ കീഴിൽ



കൈകാര്യകർതൃത്വം ഏൽപിക്കപ്പെട്ടവരെ കുറിച്ച് നിങ്ങൾ മുഴുവൻ ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. പുരുഷൻ തന്റെ വീട്ടിലെ കൈകാര്യകർത്താവാകുന്നു. അവന്ന് കീഴിലുള്ളവരെ കുറിച്ച് അവൻ ചോദ്യം ചെയ്യപ്പെടും. സ്ത്രീ അവളുടെ ഭർത്താവിന്റെ വീട്ടിലെ കൈകാര്യകർത്താവാകുന്നു. അവൾക്ക് കീഴിലുള്ളവരെ കുറിച്ച് അവളും ചോദ്യം ചെയ്യപ്പെടും”(ബുഖാരി, മുസ്‌ലിം).

ഓരോരുത്തരും നിർവഹിക്കേണ്ട ഉത്തരവാദിത്തത്തെക്കുറിച്ച് ഓർമിപ്പിക്കാൻ ഇതിലും നല്ലൊരു വചനം ആവശ്യമില്ല.

മക്കളുടെ വിഷയത്തിൽ നാം ജാഗ്രത പുലർത്തിയില്ലെങ്കിൽ നമ്മുടെ ജീവിതം താളം തെറ്റുമെന്നുറപ്പാണ്. മക്കൾ അലങ്കാരവും സന്തോഷവുമാണെന്ന് പറയുമ്പോൾ, അത് മനസ്സിലാക്കുന്നതിൽ വന്ന പിഴവാണ് പല കുടുംബങ്ങളിലും തീരാദുഃഖത്തിന്റെ കരിനിഴൽ വീഴ്ത്തിയതെന്ന് അവരുടെ ചരിത്രം പഠിച്ചാൽ മനസ്സിലാകും

**സ്നേഹിക്കണം, ലാളിച്ച് വഷളാക്കരുത്!**

മക്കൾ ചോദിക്കുന്നതെല്ലാം വാങ്ങിക്കൊടുക്കുകയും നല്ല ഭക്ഷണവും വസ്ത്രവും നൽകുകയും ചെയ്യലിൽ ഒതുങ്ങുന്നു അവരോടുള്ള സ്നേഹം എന്നാണ് പലരും ധരിച്ചുവച്ചിരിക്കുന്നത്. അമിതലാളനയും അപകടമാണ്. ശാസനയും ഉപദേശവും വേണ്ടിടത്ത് അത് നൽകാനും നബി(സ്വ) ശ്രദ്ധിച്ചിരുന്നു. സ്നേഹത്തോടും മാന്യമായ രീതിയിലുമാണ് നബി (സ്വ) അത് നിർവഹിച്ചത്. തങ്ങൾ ശ്രദ്ധിക്കേണ്ട ഇത്തരം കാര്യങ്ങളിലും മറ്റുള്ളവരോട് പരാതി പറയുന്നവരാണ് മിക്ക മാതാപിതാക്കളും. ചില തിരുത്തലുകളും കരുതലുകളും ഈ വിഷയത്തിൽ നാം എടുത്തേ തീരൂ.

**ധാർമിക വിദ്യാഭ്യാസം നഷ്ടപ്പെട്ടത് പ്രധാന വിപത്ത്**

ഭൗതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നാം നൽകുന്ന ശ്രദ്ധയും അവരുടെ ഇഹപരജീവിതത്തിന്റെ വിജയപരാജയങ്ങൾ നിർണയിക്കുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന മദ്റസ-മതവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നമുക്കുള്ള ശ്രദ്ധയും ഈയവസരത്തിൽ ഒന്ന് താരതമ്യം ചെയ്യുന്നത് നന്നാ യിരിക്കും. മൂന്ന് വയസ്സിൽ പ്രീസ്കൂൾ മുതൽ ആരംഭിക്കുന്നു നമ്മുടെ ഇപ്പോഴത്തെ ഭൗതിക വിദ്യാഭ്യാസം. അതവസാനിക്കുന്നതാകട്ടെ മിക്കവാറും അവന്റെ/അവളുടെ 23ാമത്തെ വയസ്സിലാണ്. അതിനുശേഷവും പഠനം തുടരുന്നവരുണ്ട്. ഒരു വർഷത്തിൽ ഏകദേശം 1200 മണിക്കൂർവച്ച്

ഈ കാലയളവിൽ 20400 മണിക്കൂർ അവർ ഭൗതിക വിദ്യാഭ്യാസത്തിന് വേണ്ടി ചെലവഴിക്കുന്നു. എന്നാൽ ജീവിതം മുഴുവൻ നേർപഥത്തിലൂടെ സഞ്ചരിക്കാൻ അവനെ/അവളെ പ്രാപ്തമാക്കേണ്ട ധാർമിക വിദ്യാഭ്യാസത്തിന് രക്ഷിതാക്കൾ നൽകുന്ന പ്രാധാന്യം എത്രമാത്രമുണ്ടെന്ന് പരിശോധിച്ചാൽ നമുക്ക് തന്നെ കുറച്ചിലനുഭവപ്പെടും. ആഴ്ചയിൽ 8-9 മണിക്കൂർ വച്ച് ഒരു വർഷം ഏതാണ്ട് 360 മണിക്കൂർ. കൃത്യമായി കുട്ടികളെ പറഞ്ഞയക്കുന്നവർക്കേ അത്രയും സമയം കിട്ടൂ. ഭൗതിക വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിനെ എതിർക്കുകയല്ല; പലരും പല കാരണങ്ങൾ പറഞ്ഞ് ആ മേഖലയിൽ പുറംതിരിഞ്ഞ് നിന്നപ്പോൾ രക്ഷിതാക്കളെയും കുട്ടികളെയും ബോധവൽകരിക്കാൻ മുന്നിൽ നടന്ന നവോത്ഥാന നായകരുടെ പിൻതലമുറക്ക് അതിന് കഴിയുകയില്ല.

ധാർമിക മര്യാദകൾ പകർന്നു നൽകിക്കൊണ്ട് നല്ല രീതിയിൽ വളർത്തിക്കൊണ്ടുവന്നാൽ മക്കൾ ഇരുലോകത്തും അനുഗ്രഹവും അഭിമാനവുമായിരിക്കും. ചെറുപ്രായത്തിൽ അവരുടെ ധാർമിക ശിക്ഷണങ്ങളിൽ ശ്രദ്ധിക്കാതെ വിട്ടാൽ വലുതായാൽ അപമാനകരമായ പലതും അവരിൽ നിന്നുണ്ടായേക്കാം. അപ്പോൾ ഖേദിച്ചിട്ടോ, അവരെ മാത്രം കുറ്റം പറഞ്ഞിട്ടോ കാര്യമുണ്ടാകില്ല എന്നത് പ്രത്യേകം ഓർക്കുക. ഭാവിയിൽ തങ്ങൾക്കും നാടിനും നാട്ടാർക്കുമൊക്കെ ഉപകരിക്കുന്ന നല്ല മക്കളായിരിക്കണം നമ്മുടെ മക്കൾ എന്നാഗ്രഹിക്കുന്ന ഏതൊരു മാതാവും പിതാവും അവരുടെ ശാരീരിക വളർച്ചയിലെന്ന പോലെ ധാർമിക-സാംസ്കാരിക വളർച്ചയിലും ശ്രദ്ധിക്കേണ്ടതുണ്ട്.

ഭൗതിക സാഹചര്യങ്ങളിൽ വൻകുതിച്ചുചാട്ടം ഉണ്ടായതോടുകൂടി നമ്മുടെ മതവിദ്യാഭ്യാസത്തിന്റെ ഗ്രാഫ് കുത്തനെ താഴുന്നതാണ് നാം കണ്ടത്. ഒരുപാട് മദ്റസകൾ ഉണ്ടായെങ്കിലും പഠനനിലവാരവും സമയവും കുറഞ്ഞു. അഞ്ചാം ക്ലാസിനപ്പുറം പലർക്കും മദ്റസ ഒരു അജണ്ടയേ അല്ലാതായി മാറി. എന്നു മാത്രമല്ല അതൊരു കുറച്ചിലായി അനുഭവപ്പെടുന്നവർ പോലും വളർന്നുവന്നു. കുട്ടിയുടെ വളർച്ചാ ഘട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 13 വയസ്സ് മുതൽ 20 വരെയുള്ള കാലയളവ്. അവരുടെ ഭാവി തീരുമാനിക്കുന്നതിൽ ഈ ഏഴ് വർഷങ്ങൾക്കുള്ള പങ്ക് അനിഷേധ്യമാണ്. വഴിതെറ്റാനും നന്നാവാനുമൊക്കെ സാധ്യതയുള്ള പ്രായം. ആ സമയത്താണ് അവർക്ക് ഏറ്റവും കൂടുതൽ ധാർമികത പകർന്ന് നൽകേണ്ടത്. പക്ഷേ, ആറാം വയസ്സിൽ ഒന്നാം ക്ലാസിൽ ചേരുന്ന നമ്മുടെ മക്കൾ പതിനൊന്നോ പന്ത്രണ്ടോ വയസ്സാകുമ്പോഴേക്കും മദ്റസയോട് വിടപറഞ്ഞിട്ടുണ്ടാകും. പിന്നീടവർ വിഹരിക്കുന്നത് തീർത്തും ഭൗതികാസ്വാദനങ്ങളുടെ മേഖലകളിലാണ്. കൂട്ടുകെട്ട് അൽപമൊന്ന് പിഴച്ചാൽ പിന്നീടൊരിക്കലും തിരിച്ചുകിട്ടാത്തവിധം അവരെ നമുക്ക് നഷ്ടപ്പെടും എന്നതിന് ഉദാഹരണങ്ങൾ അനവധിയാണ്.

> ധാർമിക മര്യാദകൾ പകർന്നു നൽകിക്കൊണ്ട് നല്ല രീതിയിൽ വളർത്തിക്കൊണ്ടുവന്നാൽ മക്കൾ ഇരുലോകത്തും അനുഗ്രഹവും അഭിമാനവുമായിരിക്കും. ചെറുപ്രായത്തിൽ അവരുടെ ധാർമിക ശിക്ഷണങ്ങളിൽ ശ്രദ്ധിക്കാതെ വിട്ടാൽ വലുതായാൽ അപമാനകരമായ പലതും അവരിൽ നിന്നുണ്ടായേക്കാം. അപ്പോൾ ഖേദിച്ചിട്ടോ, അവരെ മാത്രം കുറ്റം പറഞ്ഞിട്ടോ കാര്യമുണ്ടാകില്ല എന്നത് പ്രത്യേകം ഓർക്കുക. ഭാവിയിൽ തങ്ങൾക്കും നാടിനും നാട്ടാർക്കുമൊക്കെ ഉപകരിക്കുന്ന നല്ല മക്കളായിരിക്കണം നമ്മുടെ മക്കൾ എന്നാഗ്രഹിക്കുന്ന ഏതൊരു മാതാവും പിതാവും അവരുടെ ശാരീരിക വളർച്ചയിലെന്ന പോലെ ധാർമിക-സാംസ്കാരിക വളർച്ചയിലും ശ്രദ്ധിക്കേണ്ടതുണ്ട്.

ഹൈസ്കൂൾ പ്രായത്തിലുള്ള വിദ്യാർഥികളെ ലക്ഷ്യമിട്ട് മയക്കുമരുന്ന് മാഫിയകൾ വലവിരിച്ചതിന്റെ ഞെട്ടിപ്പിക്കുന്ന വാർത്തകൾ നാം ഇടയ്ക്കിടെ കേൾക്കാറുണ്ട്. പലപ്പോഴും വീട്ടുകാർ അറിയുമ്പോഴേക്ക് തീർത്തും പിടിവിട്ട അവസ്ഥയിലായിരിക്കും കുട്ടി. ആശുപത്രികളും കൗൺസലിംഗ് സെന്ററുകളും മാറി മാറി കയറിയിറങ്ങി സാധാരണ നിലയിലേക്കെത്തു

മ്പോഴേക്കും കുട്ടിയുടെ ജീവിതത്തിലെ സുപ്രധാന മായ വർഷങ്ങൾ നഷ്ടപ്പെട്ടിരിക്കുകയും ചെയ്യും.

ആൺകുട്ടികളെ വൃത്തികെട്ട സ്വവർഗലൈംഗിക തയ്ക്ക് ഉപയോഗിച്ച് അവരുടെ ജീവിതം താറുമാറാക്കു ന്ന മറ്റൊരു ഭീഷണിയും ഈയടുത്ത കാലത്തായി ക്ര മാതീതമായി വർധിച്ച് വന്നിട്ടുണ്ട്.

**പെൺകുട്ടികൾ എങ്ങോട്ട്?**

ആൺകുട്ടികളുടെ അവസ്ഥ ഇങ്ങനെയൊക്കെയാ ണെങ്കിൽ നമ്മുടെ പെൺമക്കൾ പോകുന്ന പോക്ക് അതിലേറെ അപകടംപിടിച്ച വഴിയിലൂടെയാണ്. അതിൽ ഏറ്റവും ഭീഷണിയുയർത്തി നിൽക്കുന്നത് പ്രേമം തന്നെയാണ്. തങ്ങളാരാണെന്നും തങ്ങളുടെ ജീവിതലക്ഷ്യമെന്താണെന്നും മാതാപിതാക്കളും സമൂ ഹവും തങ്ങളിലർപ്പിച്ച പ്രതീക്ഷകൾ എത്രമാത്രമാ ണെന്നുമൊക്കെ അവർ മറന്നുപോകുന്നു. സ്ഥിരമാ



യി പോകുന്ന ബസ്സിലെ ജീവനക്കാരനെ മുതൽ ഒരേ ക്ലാസിൽ പഠിക്കുന്ന സഹപാഠിയെവരെ അവർ പ്രേമി ക്കുന്നു. പ്രേമിക്കുന്നവരുടെ മതവും പ്രായവുമൊന്നും അവർക്ക് പ്രശ്നമല്ല. കൊച്ചുകൊച്ച് വർത്തമാനങ്ങ ളിൽ തുടങ്ങി അവസാനം വേർപിരിയാനാവാത്തവി ധം സകലതും കൈമാറിക്കഴിഞ്ഞ ശേഷമാണ് പല പ്പോഴും ഇതിന്റെ ഗൗരവം അവർക്ക് മനസ്സിലാവുക. വീട്ടുകാരാവട്ടെ പലപ്പോഴും പ്രായോഗികവഴികൾ സ്വീകരിക്കുന്നതിനുപകരം സംഭവം മൂടിവച്ച് നാണ ക്കേടിൽനിന്നൊഴിവാകാൻ സ്വീകരിക്കുന്ന കുറുക്കു വഴികൾ കുട്ടിയെ എന്നെന്നേക്കുമായി നഷ്ടപ്പെടുന്ന തിലേക്കെത്തിക്കുകയും ചെയ്യുന്നു. പിൻമാറിയാൽ സകലതും സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുമെ ന്ന ഭീഷണി കാരണം കല്യാണത്തിന് നിർബന്ധിതരാ കുന്ന കുട്ടികളുമുണ്ട്. അവസാനം കോടതിമുറികളിലെ പൊട്ടിക്കര ച്ചലുകൾക്കും മാതാപിതാക്കളു ടെ നെഞ്ച് തകർന്നുള്ള നിലവി ളികൾക്കും യാതൊരു വിലയും കൽപിക്കാതെ ഇന്നലെ പരിചയ പ്പെട്ടവന്റെ കൂടെ അവൾ ഇറങ്ങി പ്പോവുകയും ചെയ്യുന്നു.

**ആരാണ് കുറ്റക്കാർ?**

വിശുദ്ധ ക്വുർആനും പ്രവാ ചകവചനങ്ങളും കുടുംബത്തി ന്റെ കാര്യത്തിൽ ശ്രദ്ധിക്കാൻ നമ്മെ നിരന്തരം ഉണർത്തുന്നു ണ്ട്. കത്തിയാളുന്ന നരകശിക്ഷ യിൽനിന്ന് അവരെ രക്ഷപ്പെടു ത്താൻ നാം പണിയെടുക്കേണ്ടത് ജീവിച്ചിരിക്കുമ്പോഴാണ്. അല്ലാ ഹു പറയുന്നു:

"സത്യവിശ്വാസികളേ, സ്വദേ ഹങ്ങളെയും നിങ്ങളുടെ ബന്ധു ക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയി ൽ നിന്ന് നിങ്ങൾ കാത്തുരക്ഷി ക്കുക..." (ക്വുർആൻ 66:6).

സന്താനങ്ങളാകുന്ന ഭാവിത ലമുറയെ സംബന്ധിച്ച് പരലോക ത്ത് ചോദ്യം ചെയ്യപ്പെടുന്നവരാണ് മാതാപിതാക്കൾ എന്നു വ്യക്തം. നല്ലരൂപത്തിൽ അവരെ പരിപാലി ക്കുന്നവരാണെങ്കിൽ അവർ ഇരു ലോകത്തും സൗഭാഗ്യവാൻമാരാ യിത്തീരാം. എന്നാൽ അതിനെ അവഗണിക്കുകയാണങ്കിൽ ദൗ ർഭാഗ്യകരമായിരിക്കും ഫലം.

ഇവിടെ ചെയ്യേണ്ടത് ഇവിടെ വച്ചുതന്നെ ചെയ്യണം. പിന്നീടു ള്ള വിലാപങ്ങൾ വ്യർഥമായിരി ക്കും എന്ന് പ്രത്യേകം ഓർമിക്കേ ണ്ടതുണ്ട്.

മക്കളുടെ അപഥസഞ്ചാര ത്തിൽ പലപ്പോഴും രക്ഷിതാക്ക ൾ തന്നെയാണ് ഒന്നാം പ്രതികൾ എന്ന് കാണാൻ കഴിയും. കുട്ടി യുടെ വളർച്ചയുടെ ഓരോ ഘട്ട ത്തിലും കൃത്യമായി ഇടപെടൽ നടത്തേണ്ടവരാണ് രക്ഷിതാക്ക

ൾ. 20 വയസ്സാകുമ്പോഴല്ല, ചെറുപ്പത്തിൽതന്നെ തുടങ്ങണം ഈ ഇടപെടൽ. അവന്റെയും അവളുടെയും ഹൃദയത്തിൽ അല്ലാഹുവും റസൂലും കഴിഞ്ഞാൽ മാതാപിതാക്കളെക്കാൾ വലുതായി ഒരു സൃഷ്ടിയുമില്ല എന്ന ഉറപ്പ് നമുക്കുണ്ടാക്കാൻ സാധിക്കണം. അതിനു വേണ്ടത് കൃത്യമായ വഴി കാണിച്ച് കൊടുക്കലാണ്. ധർമവും അധർമവും നന്മയും തിന്മയുമൊക്കെ കുട്ടിക്ക് കൃത്യമായി പറഞ്ഞ് കൊടുക്കണം. മാതാപിതാക്കൾ കാണാമറയത്താണെങ്കിലും സദാ നമ്മെ നിരീക്ഷിക്കുന്ന സ്രഷ്ടാവുണ്ടെന്ന ബോധം ചെറുപ്പത്തിലേ അവരുടെ മനസ്സിൽ വളർത്തിയെടുക്കണം. ഇഹലോക ജീവിതത്തിന്റെ സുഖാസ്വാദനങ്ങൾക്കപ്പുറം ശാശ്വതമായ സ്വർഗീയ ഭവനമാണ് നമ്മുടെ മുഖ്യലക്ഷ്യമെന്ന് അവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. നിഷിദ്ധമായ ഒരു നോട്ടമോ ചലനമോ സംസാരമോ പോലും ഏറ്റവും വലിയ പാപങ്ങളിൽ പെട്ട വ്യഭിചാരത്തിന്റെ കൂട്ടത്തിലാണ് പ്രവാചകർ(സ്വ) എണ്ണിയിട്ടുള്ളതെന്ന് അവരെ പഠിപ്പിക്കണം. ലുക്വ്മാൻ(അ) തന്റെ മകന് കൊടുത്ത ഉപദേശങ്ങളുടെ പ്രസക്തി അവരുടെ മനസ്സുകളിൽ ഒരു ജ്വാലയായി കത്തിച്ചുവയ്ക്കണം. അതോടൊപ്പം തങ്ങളുടെ ഏതു കാര്യങ്ങളും തുറന്നു പറയാൻ കഴിയുന്ന രീതിയിൽ ഒരാത്മബന്ധം മക്കളും മാതാപിതാക്കളും തമ്മിലുണ്ടായിരിക്കണം.

### സന്താനങ്ങൾക്കിടയിൽ നീതി പാലിക്കുക

മക്കൾക്ക് സമ്മാനം കൊടുക്കുമ്പോഴും സമ്പത്ത് നൽകുമ്പോഴും മറ്റെല്ലാ കാര്യങ്ങളിലും നീതി പാലിക്കുക എന്നത് നബി(സ്വ) പഠിപ്പിച്ച മര്യാദയാണ്. അവരോട് മാതാപിതാക്കൾ കാണിക്കുന്ന ഏതൊരു വിവേചനവും അവരുടെ മനസ്സിനെ സ്വാധീനിക്കുകയും വെറുപ്പിന് കാരണമായിത്തീരുകയും ചെയ്യും.

നബി(സ്വ) പറഞ്ഞു: “നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ നിങ്ങളുടെ സന്താനങ്ങൾക്കിടയിൽ നീതി പാലിക്കുക” (ബുഖാരി, മുസ്‌ലിം)

നുഅ്മാനുബ്നു ബശീർ(റ) നിവേദനം: “എന്റെ പിതാവ് അദ്ദേഹത്തിന്റെ ധനത്തിൽ എനിക്ക് ചിലത് ദാനമായി തന്നു. അപ്പോൾ എന്റെ ഉമ്മ, അംറ ബിൻത് റവാഹ പറഞ്ഞു: ‘നിങ്ങൾ നൽകിയ ധനത്തിന് പ്രവാചക തിരുമേനി(സ്വ) സാക്ഷ്യം വഹിക്കാതെ ഞാനതിനെ തൃപ്തിപ്പെടുകയില്ല.’ അങ്ങനെ എന്റെ പിതാവ് എനിക്കു നൽകിയ ദാനത്തിന് സാക്ഷിനിൽക്കുവാനായി തിരുമേനി(സ്വ)യുടെ അടുക്കലേക്ക് പോയി. അപ്പോൾ റസൂൽ(സ്വ) അദ്ദേഹത്തോട് ചോദിച്ചു: ‘നീ നിന്റെ എല്ലാ മക്കൾക്കും ഇതുപോലെ നൽകിയിട്ടുണ്ടോ?’ അദ്ദേഹം പ്രതിവചിച്ചു: ‘ഇല്ല.’ അപ്പോൾ നബി(സ്വ) പറയുകയുണ്ടായി: ‘നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ സന്താനങ്ങൾക്കിടയിൽ നീതി പാലിക്കുക.’ അങ്ങനെ എന്റെ പിതാവ് മടങ്ങി. എനിക്ക് നൽകിയിരുന്ന സ്വത്ത് തിരിച്ചെടുക്കുകയും ചെയ്തു.” (മുസ്‌ലിം)

> ധർമവും അധർമവും നന്മയും തിന്മയുമൊക്കെ കുട്ടിക്ക് കൃത്യമായി പറഞ്ഞ് കൊടുക്കണം. മാതാപിതാക്കൾ കാണാമറയത്താണെങ്കിലും സദാസമയവും നമ്മെ നിരീക്ഷിക്കുന്ന സ്രഷ്ടാവുണ്ടെന്ന ബോധം ചെറുപ്പത്തിലേ അവരുടെ മനസ്സിൽ വളർത്തിയെടുക്കണം. ഇഹലോക ജീവിതത്തിന്റെ സുഖാസ്വാദനങ്ങൾക്കപ്പുറം ശാശ്വതമായ സ്വർഗീയ ഭവനമാണ് നമ്മുടെ മുഖ്യലക്ഷ്യമെന്ന് അവർക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം. നിഷിദ്ധമായ ഒരു നോട്ടമോ ചലനമോ സംസാരമോ പോലും ഏറ്റവും വലിയ പാപങ്ങളിൽ പെട്ട വ്യഭിചാരത്തിന്റെ കൂട്ടത്തിലാണ് പ്രവാചകർ(സ്വ) എണ്ണിയിട്ടുള്ളതെന്ന് അവരെ പഠിപ്പിക്കണം.

മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയുമുണ്ട്: ‘എങ്കിൽ നീ അതിന് എന്നെ സാക്ഷി നിർത്തരുത്. കാരണം ഞാൻ അനീതിക്ക് സാക്ഷ്യം വഹിക്കുന്നവനല്ല’ (മുസ്‌ലിം)

### നമ്മളിൽ ചിലർ ചെയ്യുന്നതോ?

സ്കൂൾ വിദ്യാഭ്യാസത്തിന് എത്ര സമയവും പണവും ചെലവഴിക്കാൻ യാതൊരു മടിയുമില്ലാത്ത നമ്മൾ ആഴ്ചയിലൊരിക്കൽ ഒരു മണിക്കൂറെങ്കിലും

അവരെ ധാർമികവിദ്യ നുകരുന്നതിന് വിട്ടുതരണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടാൽ നൂറുകൂട്ടം ഒഴിവ് കഴിവുകൾ പറഞ്ഞ് അതിനെ മുടക്കും. സ്റ്റഡി ടൂറെന്ന പേരിൽ പ്രായപൂർത്തിയായ ആണും പെണ്ണുമടങ്ങുന്ന ടീമിൽ ഒന്നും രണ്ടും ദിവസം നീണ്ടു നിൽക്കുന്ന വിനോദയാത്രക്ക് മക്കളെ പറഞ്ഞയക്കുമ്പോഴും പലരും അതിന്റെ ഭവിഷ്യത്തുകളെ കുറിച്ച് ചിന്തിക്കുന്നേയില്ല.

കുട്ടികളുടെ കൂട്ടുകെട്ട് ആരുമായിട്ടാണെന്നോ കലാലയങ്ങളിൽ അവരുടെ പെരുമാറ്റമെങ്ങനെയാണെന്നോ നാം അന്വേഷിക്കാറുണ്ടോ? സ്പെഷ്യൽ ക്ലാസുകളുടെ പേര് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങുന്ന കുട്ടി ക്ലാസിന് തന്നെയാണോ പോയിട്ടുള്ളത് എന്ന് ഒരിക്കലെങ്കിലും വിളിച്ച് ചോദിച്ചിട്ടുണ്ടോ നമ്മൾ?

വിലകൂടിയ മൊബൈൽ ഫോണും അതിൽ നെറ്റ് കണക്ഷനും ഉപയോഗിക്കാൻ എല്ലാ സൗകര്യ ങ്ങളു



മൊരുക്കിക്കൊടുത്ത് സകല വൃത്തികേടുകളുടെയും വാതിൽ മക്കൾക്ക് തുറന്നുകൊടുക്കുന്നവർ പിന്നീട് വിലപിച്ചിട്ട് ഒരു കാര്യവുമുണ്ടാവുകയില്ല. പുതപ്പിനടിയിൽ ചുരുണ്ടുകൂടി രാത്രി പുലരുവോളം തീർത്തും അന്യരും നിഷിദ്ധരുമായ ആൾക്കാരുമായി നമ്മുടെ മക്കൾ ചാറ്റിംഗ് നടത്തുന്നത് നാമറിയു ന്നേയില്ല. അഥവാ അറിഞ്ഞാൽതന്നെ അതിന് കടിഞ്ഞാണിടാൻ പലപ്പോഴും നാം അശക്തരായിരിക്കും. അത്രത്തോളം ലാളിച്ച് വഷളാക്കിയിട്ടുണ്ടാകും നാമവരെ!

പെൺമക്കളുടെ തെറ്റായ വസ്ത്രധാരണരീതിയും അവരുടെ അപചയത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ഘടകമാണ്. ഇസ്‌ലാം കർശനമായി വിലക്കിയ രീതിയിലുള്ള ഇറുകിയതും ശരീരത്തിന്റെ നിമ്നോന്നതികൾ എടുത്ത് കാണിക്കുന്നതുമായ വസ്ത്രം അവർക്ക് വാങ്ങിക്കൊടുക്കുന്ന രക്ഷിതാക്കൾ ശാശ്വത നരകത്തിലേക്കാണ് അവരെ തള്ളിയിടുന്നതെന്ന കാര്യം ഗൗരവമായ ചിന്തകൾക്ക് വിധേയമാകേണ്ടതുണ്ട്. അത്തരക്കാർ വസ്ത്രം ധരിച്ചിട്ടും നഗ്നകളാണെന്നും സ്വർഗത്തിന്റെ വാസനപോലും അവർക്ക് നിഷിദ്ധമാണെന്നും പ്രവാചകൻ(സ്വ) മുന്നറിയിപ്പ് നൽകിയ വിഭാഗത്തിൽ നമ്മുടെ മക്കളും പെട്ടുപോകുമോ എന്ന് നാം ഭയപ്പെടേണ്ടതുണ്ട്. ആരാധനകളുടെ കാര്യത്തിൽ കണിശസ്വഭാവം പുലർത്തുന്ന പലരും ഈ മേഖലയിൽ പരാജയപ്പെടുന്നു എന്നത് ഒരു വലിയ ദുരന്തംതന്നെയാണ്.

മക്കളുടെ പിടിവിട്ട പോക്ക് നിയന്ത്രിക്കുവാൻ ഒറ്റമൂലിയൊന്നുമില്ല എന്ന തിരിച്ചറിവ് നമുക്കുണ്ടായേ തീരൂ. ആണായാലും പെണ്ണായാലും അവരെ വളർത്തേണ്ട രീതിയിൽ വളർത്തുകതന്നെയാണ് അവരെ നമ്മുടേതാക്കി മാറ്റുവാനുള്ള ഏക പോംവഴി. സ്ത്രീ-പുരുഷന്മാർ തമ്മിൽ പാലിക്കേണ്ട അകലം കൃത്യമായി പാലിക്കുവാൻ മക്കളെ പരിശീലിപ്പിക്കുക. സംസാരം, നോട്ടം, പെരുമാറ്റം തുടങ്ങിയവയിലൂടെയൊന്നും ഒരാൾക്കും തന്റെ രഹസ്യജീവിതത്തിലേക്ക് കടന്നുവരാനുള്ള ഒരു പഴുതും കൊടുക്കാ തിരിക്കാൻ അവരെ പ്രാപ്തരാക്കുക. അതോടൊപ്പം മക്കളെ നിരന്തരം നിരീക്ഷിച്ചുകൊണ്ടിരിക്കുക. മറ്റുള്ളവരുടെ മക്കളുടെ നൂറുകൂട്ടം ന്യൂനതകൾ കണ്ടെത്തി അത് പരസ്യപ്പെടുത്തുന്നതിൽ പ്രത്യേക ഹരം കണ്ടെത്തുന്നവർ സ്വന്തം മക്കളെ കണ്ണുമടച്ച് വിശ്വസിക്കുന്നു. അവസാനം വേലി പൊളിച്ച് മക്കൾ പുറത്ത് ചാടുമ്പോഴായിരിക്കും അവർക്ക് ബോധം വരിക. ഈയൊരവസ്ഥയിൽനിന്നും അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ■


പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 27

# ഇ.കെ.മൗലവിയും മുസ്‌ലിം ലീഗും

സാമുദായിക പരിഷ്‌കരണ പ്രവർത്തനങ്ങൾക്ക് ഒരു വ്യാഴവട്ടക്കാലം നേതൃത്വം കൊടുത്ത ഐക്യസംഘത്തിന്റെ അകാലത്തിലുള്ള വിടവാങ്ങൽ സൃഷ്ടിച്ച ശൂന്യത നികത്താൻ അതിന്റെ നേതാക്കൾ കേരള ജംഇയ്യത്തുൽ ഉലമയെ പകരം കണ്ടുവെങ്കിലും ഐക്യസംഘം ഇടപെട്ട സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ ഇടപെടാൻ ജംഇയ്യത്തുൽ ഉലമ അപര്യാപ്തമായിരുന്നു.

ഖിലാഫത്ത് പ്രസ്ഥാനം അസ്തമിച്ചപ്പോൾ സന്ദിഗ്ധഘട്ടത്തിൽ കോൺഗ്രസ് തങ്ങളെ കൈവിട്ടു എന്ന ധാരണ ആ പാർട്ടിയിൽനിന്ന് അകലാൻ പല മുസ്‌ലിംകളെയും പ്രേരിപ്പിച്ചു. മലബാർ കലാപത്തിനുശേഷം സവർണ നേതാക്കൾ സ്വീകരിച്ച മുസ്‌ലിം വിരുദ്ധ നിലപാടുകൾമൂലം ബഹുഭൂരിപക്ഷം മുസ്‌ലിംകൾക്കും കോൺഗ്രസിൽ വിശ്വാസം നഷ്ടപ്പെട്ടിരുന്നു. ബ്രിട്ടീഷ് ശക്തികളോട് സദാ പോരാടി ഊർജം വ്യയം ചെയ്യുന്നത് ബുദ്ധിപൂർവമാണോ എന്ന് ചിലരെങ്കിലും പുനരാലോചിക്കാൻ തുടങ്ങി. കേരള മുസ്‌ലിം ഐക്യസംഘം കേരളീയ സമൂഹത്തിനിടയിൽ സൃഷ്ടിച്ച മതപരമായ ഉണർവും അതോടൊപ്പം വളർന്നുവന്ന വിദ്യാഭ്യാസ മുന്നേറ്റവും രാഷ്ട്രീയ പ്രബുദ്ധതയും മുസ്‌ലിംകളെ പ്രായോഗികമായി ചിന്തിക്കാൻ പ്രാപ്തരാക്കി. സാമുദായിക പരിഷ്കരണ പ്രവർത്തനങ്ങൾക്ക് ഒരു വ്യാഴവട്ടക്കാലം നേതൃത്വം കൊടുത്ത ഐക്യസംഘത്തിന്റെ അകാലത്തിലുള്ള വിടവാങ്ങൽ സൃഷ്ടിച്ച ശൂന്യത നികത്താൻ അതിന്റെ നേതാക്കൾ കേരള ജംഇയ്യത്തുൽ ഉലമയെ പകരം




കണ്ടുവെങ്കിലും ഐക്യസംഘം ഇടപെട്ട സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ ഇടപെടാൻ ജംഇയ്യത്തുൽ ഉലമ അപര്യാപ്തമായിരുന്നു.

ഈ ഘട്ടത്തിൽ ഭാരതീയരുടെ പൊതുവായ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന കോൺഗ്രസ് പോലുള്ള സംഘടനക്കു പകരം മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രത്യേകമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പ്രാപ്തിയുള്ളതും ബഹുസ്വര സമൂഹത്തിൽ ജനാധിപത്യമൂല്യങ്ങളോടെ പ്രവർത്തിക്കാൻ സഹായകവുമായ ഒരു രാഷ്ട്രീയ സംഘടന അനിവാര്യമാണെന്ന ചിന്ത കെ.എം.മൗലവി, ഇ.കെ.മൗലവി പോലുള്ള പല ഇസ്‌ലാഹീ നേതാക്കൾക്കിടയിലും ഉയർന്നുവന്നു. അക്കാര്യം പ്രൊഫ.യു.മുഹമ്മദ് എഴുതിയത് കാണുക:

"കെ.എം.മൗലവിയെയും ഇ.കെ.മൗലവിയെയും പോലുള്ള ഏതാനും നേതാക്കൾ മുസ്‌ലിം ലീഗ് രൂപീകരണത്തിന് നേതൃത്വം നൽകി. മുസ്‌ലിംകളുടെ നിയമാനുസൃതമായ അവകാശ സംരക്ഷണത്തിന് രാഷ്ട്രീയത്തിൽ മുസ്‌ലിം പങ്കാളിത്തം അനിവാര്യമാണെന്ന് ഈ നേതാക്കൾ കരുതി."[81]

ഈ സമുദായസ്നേഹമാണ് 1933ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിടാനും പിന്നീട് മുസ്‌ലിം ലീഗ് രൂപീകരണത്തിൽ പങ്കുവഹിക്കാനും ഇ.കെ.മൗലവിയെ പ്രേരിപ്പിച്ചത്. സമുദായത്തിന്റെ വികാസത്തിനും പരിഷ്കരണത്തിനും ഏറ്റവും ഉചിതമായ മാർഗം മുസ്‌ലിം ലീഗാണെന്ന തിരിച്ചറിവ് അന്ത്യംവരെ അദ്ദേഹം പുലർത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു. 1947 മാർച്ചിൽ നടന്ന കേരള ജംഇയ്യത്തുൽ ഉലമയുടെ വാർഷികയോഗത്തിൽ മുസ്‌ലിം ലീഗ് നേതൃത്വത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഇ.കെ.മൗലവി അവതരിപ്പിച്ച പ്രമേയം കേരള മുസ്‌ലിം സമൂഹത്തെ ലീഗ് രാഷ്ട്രീയത്തോടൊപ്പം സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്നതായിരുന്നു. കേരളത്തിലെ പണ്ഡിതൻമാർ മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിൽ വിശ്വാസമർപ്പിക്കുന്നതായും മുസ്‌ലിംകളെ ആത്യന്തികമായ ലക്ഷ്യത്തിലേക്കു നയിക്കാനുള്ള ആരോഗ്യവും ആർജ്ജവവും അദ്ദേഹത്തിന് ദൈവം കനിഞ്ഞരുളട്ടെ എന്ന് പ്രാർഥിക്കുന്നതായും പ്രഖ്യാപിച്ചുകൊണ്ടുള്ളതായിരുന്നു ആ പ്രമേയം.[82]

മുസ്‌ലിം സംഘടിതശക്തിയിലേക്ക് സമുദായത്തെ നയിക്കാനും സവിശേഷമായ രാഷ്ട്രീയാവബോധത്തിലേക്ക് കേരളീയ മുസ്‌ലിം സമൂഹത്തെ കൈപിടിച്ചുയർത്താനും ഇ.കെ.മൗലവി അവതരിപ്പിച്ച ഈ പ്രമേയം സഹായിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല.

വിഭജനാനന്തര ഇന്ത്യയിൽ അങ്ങേയറ്റത്തെ നിസ്സഹായതയിലും കടുത്ത ആശങ്കയിലുമായിരുന്നു മുസ്‌ലിം സമുദായം. ഏറ്റവും ഭയാനകമായ വർഗീയ കൂട്ടക്കുരുതികൾക്കാണ് രാജ്യം സാക്ഷിയായത്. ഇന്ത്യയിലങ്ങോളമിങ്ങോളം വിഭജനത്തിന്റെ നോവും നൊമ്പരവും അലയടിക്കുന്ന സമയം. എന്തു ചെയ്യണമെന്നറിയാതെ സമുദായം ഒരു കച്ചിത്തുരുമ്പിനു വേണ്ടി കേഴുന്ന നാളുകൾ. ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് നിലനിൽക്കണമോ വേണ്ടയോ എന്നത് മുസ്‌ലിംകളിൽ തന്നെ ഒരു ചർച്ചാ വിഷയമായി മാറി. ഒരു രാഷ്ട്രീയ സംഘടനയെന്ന നിലയിൽ മുസ്‌ലിം ലീഗ് ആവശ്യമില്ലെന്നായിരുന്നു മുസ്‌ലിംകളിൽ ബഹുഭൂരിഭാഗത്തിന്റെയും അഭിപ്രായം. പാകിസ്ഥാനിനു വേണ്ടി രൂപീകരിക്കപ്പെട്ട ഒരു സംഘടനയാണ് മുസ്‌ലിം ലീഗെന്നും പാകിസ്ഥാൻ സ്ഥാപിച്ചശേഷം ഇന്ത്യയിൽ നിലനിൽക്കാൻ മുസ്‌ലിം ലീഗിന് അവകാശമില്ലെന്നുമാണ് കോൺഗ്രസുകാർ ആരോപിച്ചത്. മാത്രമല്ല, ഇന്ത്യ വിഭജിക്കാൻ തന്നെ ഇടയാക്കിയത് മുസ്‌ലിം ലീഗാണെന്നും അതിനാൽ ആ സംഘടനയെ നിലനിൽക്കാൻ അനുവദിച്ചുകൂടെന്നും കോൺഗ്രസുകാർ പ്രചരിപ്പിച്ചു.

ഈ പ്രതികൂല സാഹചര്യത്തിന്റെ ഫലമായി മുസ്‌ലിം ലീഗിന്റെ പ്രവർത്തനം ക്ഷയിച്ചു

തുടങ്ങിയിരുന്നു. ഇന്ത്യയിലെ മുസ്‌ലിംകളുടെയും മറ്റു പിന്നോക്ക വിഭാഗങ്ങളുടെയും ഭരണഘടനാ അവകാശങ്ങൾ നേടിയെടുക്കുവാനും സംരക്ഷിക്കുവാനും സമൂഹത്തിൽ അന്തസ്സുള്ള അസ്തിത്വം ഉയർത്തിപ്പിടിക്കുന്നതിനും മുസ്‌ലിം ലീഗ് നിലനിന്നേ തീരൂ എന്നാഗ്രഹിച്ച ഇ.കെ.മൗലവി സാഹിബ്; ലീഗിനെ പുനരുജ്ജീവിപ്പിക്കാനായി രംഗത്തിറങ്ങിയ കെ.എം.സീതി സാഹിബ്, കെ.എം.മൗലവി, എം.കെ.ഹാജി, ബാഫഖി തങ്ങൾ എന്നിവരോടൊപ്പം പ്രവർത്തന ഗോഥയിലിറിങ്ങി. പ്രസംഗങ്ങളിലൂടെയും തൂലികയിലൂടെയും ലീഗിനെ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളിൽ അദ്ദേഹം മുഴുകി. കേരള മുസ്‌ലിം രാഷ്ട്രീയത്തിന്ന് ബൗദ്ധികാടിത്തറ പാകുന്നതിൽ ഇ.കെ.മൗലവി വഹിച്ച പങ്ക് നിഷേധിക്കാനാവാത്തതാണ്.

അക്കാലത്ത് തലശ്ശേരിയിലും കടവത്തൂരിലും മുസ്‌ലിം ലീഗിന്റെ വിപുലമായ സമ്മേളനങ്ങൾ സംഘടിപ്പിച്ചത് മൗലവിയുടെ നേതൃത്വത്തിലായിരുന്നു. 1949ൽ തലശ്ശേരിയിൽ ചേർന്ന ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് കോട്ടയം താലൂക്ക് (ഇന്നത്തെ തലശ്ശേരി) സമ്മേളനത്തിന്റെ സംഘാടകരിൽ ഒരാളായിരുന്നു മൗലവി. കേരള സംസ്ഥാന രൂപീകരണത്തിനു തൊട്ടുമുമ്പ് മലബാറിലെ വിവിധ പ്രദേശങ്ങളിൽ സംഘടിപ്പിക്കപ്പെട്ട മുസ്‌ലിം ലീഗ് സമ്മേളനങ്ങളിലെ ഒരു പ്രധാന പ്രസംഗകനായിരുന്നു അദ്ദേഹം. കണ്ണൂർ ജില്ലയിലെ മുസ്‌ലിം ലീഗ് നേതാവായ പുത്തൂർ മുസ്തഫ മാവിലാട്ട് മഹമൂദ് 'ഒരു ഇതിഹാസത്തിന്റെ പുനർവായന' എന്ന കൃതിയിൽ പാനൂരിലെ രാഷ്ട്രീയ ചരിത്രത്തെക്കുറിച്ച് പറയുന്നത് കാണുക:

"പാനൂർ മേഖലയിൽ മുസ്‌ലിം ലീഗിന് അടിത്തറ പാകുന്നതിൽ, അതോടൊപ്പം സമുദായ നവോത്ഥാനം കൂടി ലക്ഷ്യമാക്കി പ്രവർത്തിച്ച ഇ.കെ. മൗലവി എന്ന ഇല്ലത്ത് കണ്ടി കുഞ്ഞമ്മദ് കുട്ടി മൗലവി (1891-1974), ടി.കെ. മൗലവി എന്ന തോണിക്കടവൻ വീട്ടിൽ കുഞ്ഞമ്മദ് കുട്ടി മൗലവി (1892-1942) എന്നിവരുടെയൊക്കെ പ്രവർത്തനം വലിയ മാറ്റങ്ങളുണ്ടാക്കി. മൊയാരത്ത് ശങ്കരന്റെ (1889-1948) നേതൃത്വത്തിൽ കോൺഗ്രസ് പ്രവർത്തനവും മുന്നോട്ട് നീങ്ങുന്നുണ്ടായിരുന്നു."

മുസ്‌ലിം ലീഗിന്റെ പ്രചാരകരായി പാനൂർ മേഖലയിൽ പ്രവർത്തിച്ച ഇ.കെ. മൗലവി, ടി.കെ. മൗലവി എന്നിവർ കേരള ജംഇയ്യത്തുൽ ഉലമ രൂപീകരണ യോഗത്തിലേക്ക് പണ്ഡിതന്മാരെ ക്ഷണിക്കുന്നതിന് മണപ്പാട് കുഞ്ഞഹമ്മദ് ഹാജിയോടൊപ്പം കേരളത്തിലുടനീളം സഞ്ചരിച്ചവരായിരുന്നുവെന്ന കാര്യം മുമ്പ് പരാമർശിച്ചിരുന്നല്ലോ. ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുകയും കേരള ജംഇയ്യത്തുൽ ഉലമയുടെ രൂപീകരണത്തിനുവേണ്ടി കേരളം മുഴുവൻ സഞ്ചരിച്ച് അക്ഷീണം പ്രവർത്തിക്കുകയും ചെയ്ത ഈ രണ്ടു പണ്ഡിത പ്രമുഖർ തന്നെയാണ് മുസ്‌ലിം ലീഗിന്റെ രൂപീകരണത്തിനും അതിന്റെ പ്രചാരണത്തിനും രംഗത്തിറങ്ങിയത്. മുസ്‌ലിം ലീഗിന്റെ വളർച്ചയിൽ ഇസ്‌ലാഹീ പണ്ഡിതരായ ഇ.കെ. മൗലവിയും ടി.കെ. മുഹമ്മദ് മൗലവിയും വഹിച്ച പങ്ക് എന്നെന്നും ഓർമിക്കപ്പെടും എന്നതിൽ സംശയമില്ല. വിയോജിപ്പുകൾ മറന്നുകൊണ്ട് പൊതുവിഷയങ്ങളിൽ മുസ്‌ലിംകൾ ഐക്യപ്പെടണമെന്നും രാഷ്ട്രീയമായി സംഘടിക്കേണ്ടത് അനിവാര്യമാണെന്നുമുള്ള ഐക്യസംഘം നേതാക്കളുടെ കാഴ്ചപ്പാടും പരിശ്രമവുമാണ് നമുക്ക് കാണാൻ കഴിയുന്നത്. മുസ്‌ലിം ലീഗിന്റെ രൂപീകരണത്തിലും വളർച്ചയിലും മുഖ്യ പങ്കുവഹിച്ചത് ഐക്യസംഘം നേതാക്കൾതന്നെയായിരുന്നുവെന്നതിന് ഈ ചരിത്രവും സാക്ഷിയാണ്.

മുസ്‌ലിം ലീഗിന്റെ പ്രചാരണത്തിനു വേണ്ടി ചന്ദ്രിക പത്രത്തിലൂടെ തന്റെ തൂലിക ചലിപ്പിക്കാനും ഇ.കെ. മൗലവിക്കു സാധിച്ചിരുന്നു. മുസ്‌ലിം ലീഗ് നിലനിൽക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിക്കൊണ്ടും ലീഗിന് പ്രവർത്തിക്കാനവകാശമില്ലെന്ന് പ്രചരിപ്പിക്കുന്നവർക്ക് വായടപ്പൻ മറുപടി നൽകിക്കൊണ്ടും അന്ന് വാരികയായി പുറത്തിറങ്ങിയിരുന്ന ചന്ദ്രിക പത്രത്തിൽ അദ്ദേഹം എഴുതിയ ലേഖനങ്ങൾ ലീഗ് പ്രവർത്തകരിലും നേതാക്കളിലും ആത്മവിശ്വാസം ഉളവാക്കുന്നതായിരുന്നു.

(തുടരും)

*അവലംബം:*

81. *Some of the leaders like K.M.Moulavi and E.K. Moulavi, came into leadership of Muslim League. They thought Muslim participation in politics was necessary to protect the legitimate rights of Muslims. (Prof. U.Mohammed, Educational Empowerment of Kerala Muslims, A Socio Historical Perspective, Page:66).*
82. *In its Annual Conference held in March 1947, E.K. Moulavi moved a resolution stating that 'the ulemas of Kerala affirm their confidence in the leadership of Muhammedali Jinna and pray to God to provide him health and strength to lead the Muslims to the ultimate goal'. (COLONIALISM AND COMMUNITY FORMATION IN MALABAR : A STUDY OF MUSLIMS OF MALABAR Thesis submitted to the University of Calicut by Dr. P.P. ABDUL RAZAK, Page:321).*

# സൂറതുസ്സബഅ്

(മക്കയിൽ അവതരിച്ചത്)

അധ്യായം 34

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

يَعْمَلُونَ لَهُ مَا يَشَاءُ مِن مَّحَارِيبَ
وَتَمَاثِيلَ وَجِفَانٍ كَالْجَوَابِ وَقُدُورٍ
رَّاسِيَاتٍ اعْمَلُوا آلَ دَاوُودَ شُكْرًا
وَقَلِيلٌ مِّنْ عِبَادِيَ الشَّكُورُ ﴿١٣﴾
فَلَمَّا قَضَيْنَا عَلَيْهِ الْمَوْتَ مَا دَلَّهُمْ
عَلَىٰ مَوْتِهِ إِلَّا دَابَّةُ الْأَرْضِ تَأْكُلُ
مِنسَأَتَهُ فَلَمَّا خَرَّ تَبَيَّنَتِ الْجِنُّ أَن
لَّوْ كَانُوا يَعْلَمُونَ الْغَيْبَ مَا لَبِثُوا فِي
الْعَذَابِ الْمُهِينِ ﴿١٤﴾

لَقَدْ كَانَ لِسَبَإٍ فِي مَسْكَنِهِمْ آيَةٌ
جَنَّتَانِ عَن يَمِينٍ وَشِمَالٍ كُلُوا مِن
رِّزْقِ رَبِّكُمْ وَاشْكُرُوا لَهُ ۚ بَلْدَةٌ طَيِّبَةٌ
وَرَبٌّ غَفُورٌ ﴿١٥﴾

فَأَعْرَضُوا فَأَرْسَلْنَا عَلَيْهِمْ سَيْلَ الْعَرِمِ
وَبَدَّلْنَاهُم بِجَنَّتَيْهِمْ جَنَّتَيْنِ ذَوَاتَيْ
أُكُلٍ خَمْطٍ وَأَثْلٍ وَشَيْءٍ مِّن سِدْرٍ
قَلِيلٍ ﴿١٦﴾

ذَٰلِكَ جَزَيْنَاهُم بِمَا كَفَرُوا ۖ وَهَلْ
نُجَازِي إِلَّا الْكَفُورَ ﴿١٧﴾

13. അദ്ദേഹത്തിനുവേണ്ടി ഉന്നത സൗധങ്ങൾ, ശിൽപങ്ങൾ, വലിയ ജലസംഭരണിപോലെയുള്ള തളികകൾ, നിലത്ത് ഉറപ്പിച്ച് നിർത്തിയിട്ടുള്ള പാചക പാത്രങ്ങൾ എന്നിങ്ങനെ അദ്ദേഹം ഉദ്ദേശിക്കുന്നതെന്തും അവർ (ജിന്നുകൾ) നിർമിച്ചിരുന്നു. ദാവൂദ് കുടുംബമേ, നിങ്ങൾ നന്ദിപൂർവം പ്രവർത്തിക്കുക. തികഞ്ഞ നന്ദിയുള്ളവർ എന്റെ ദാസൻമാരിൽ അപൂർവമത്രെ.

14. നാം അദ്ദേഹത്തിന്റെമേൽ മരണം വിധിച്ചപ്പോൾ അദ്ദേഹത്തിന്റെ ഊന്നുവടി തിന്നുകൊണ്ടിരുന്ന ചിതൽ മാത്രമാണ് അദ്ദേഹത്തിന്റെ മരണത്തെപ്പറ്റി അവർക്ക് (ജിന്നുകൾക്ക്) അറിവ് നൽകിയത്. അങ്ങനെ അദ്ദേഹം വീണപ്പോൾ, തങ്ങൾക്ക് അദൃശ്യകാര്യം അറിയാമായിരുന്നെങ്കിൽ അപമാനകരമായ ശിക്ഷയിൽ തങ്ങൾ കഴിച്ചുകൂട്ടേണ്ടിവരില്ലായിരുന്നു എന്ന് ജിന്നുകൾക്ക് ബോധ്യമായി.

15. തീർച്ചയായും സബഅ് ദേശക്കാർക്ക് തങ്ങളുടെ അധിവാസ കേന്ദ്രത്തിൽ തന്നെ ദൃഷ്ടാന്തമുണ്ടായിരുന്നു. അതായത്, വലതുഭാഗത്തും ഇടതുഭാഗത്തുമായി രണ്ടു തോട്ടങ്ങൾ. (അവരോട് പറയപ്പെട്ടു:) നിങ്ങളുടെ രക്ഷിതാവ് തന്ന ഉപജീവനത്തിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും അവനോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക. നല്ലൊരു രാജ്യവും ഏറെ പൊറുക്കുന്ന രക്ഷിതാവും!

16. എന്നാൽ അവർ പിന്തിരിഞ്ഞുകളഞ്ഞു. അപ്പോൾ അണക്കെട്ടിൽനിന്നുള്ള ജലപ്രവാഹത്തെ അവരുടെ നേരെ നാം അയച്ചു. അവരുടെ ആ രണ്ട് തോട്ടങ്ങൾക്ക് പകരം കയ്പുള്ള കായ്കനികളും കാറ്റാടി മരവും അൽപം ചില വാകമരങ്ങളും ഉള്ള രണ്ട് തോട്ടങ്ങൾ നാം അവർക്ക് നൽകുകയും ചെയ്തു.

17. അവർ നന്ദികേട് കാണിച്ചതിന് നാം അവർക്ക് പ്രതിഫലമായി നൽകിയതാണത്. കടുത്ത നന്ദികേട് കാണിക്കുന്നവന്റെ നേരെയല്ലാതെ നാം ശിക്ഷാനടപടി എടുക്കുമോ?

13). അവരുടെ നിർമാണങ്ങൾ, സുലൈമാൻ(അ) ഉദ്ദേശിക്കുന്നതെല്ലാം അവർ ഉണ്ടാക്കിക്കൊണ്ടിരുന്നു. (ഉന്നതമായ സൗധങ്ങൾ) കെട്ടിയുണ്ടാക്കപ്പെടുന്ന എല്ലാ കെട്ടിടങ്ങളുമാണത്. വലിയ എടുപ്പുകളെ കുറിച്ചാണ് പറയുന്നത്. (ശിൽപങ്ങൾ) അതായത് മൃഗങ്ങളുടെയും നിർജീവ വസ്തുക്കളുടെയും പ്രതിമകൾ ഉണ്ടാക്കി. അതിന്നവർക്ക് നല്ല വൈദഗ്ധ്യവും കഴിവും ഉണ്ടായിരുന്നു. (വലിയ ജലസംഭരണി പോലെയുള്ള തളികകൾ) വലിയ കുളങ്ങൾ പോലെയാണിത്. അതവർക്ക് ഭക്ഷണം ഉണ്ടാക്കുന്നതിന് വേണ്ടിയാണ് സുലൈമാൻ നബി (അ) നിർമിച്ചുകൊടുത്തത്. അത് അദ്ദേഹത്തിന് മറ്റാർക്കും ആവശ്യമില്ലാത്ത വിധം അത്യാവശ്യമായിരുന്നു. വലിയ പാചക പാത്രങ്ങൾ (ഉറപ്പിച്ചു നിർത്തിയ) അതായത് അതിന്റെ വലുപ്പംകൊണ്ട് അത് അവിടെനിന്ന് നീക്കാൻ കഴിയുമായിരുന്നില്ല. ഈ അനുഗ്രങ്ങൾ എടുത്തു പറയുമ്പോൾ അവരോട് നന്ദി ചെയ്യാനും കൽപിക്കുന്നു: (ദാവൂദ് കുടുംബമേ, നിങ്ങൾ നന്ദിപൂർവം പ്രവർത്തിക്കുക).

ദാവൂദ് നബിയുടെ മക്കളും കുടുംബവും ഇതിൽ ഉൾപ്പെടും. കാരണം, അനുഗ്രഹങ്ങൾ അവരിൽ എല്ലാവർക്കും ലഭിക്കുകയും പ്രയോജനപ്പെടുകയും ചെയ്തിട്ടുണ്ട്. (നന്ദിയോടെ) അല്ലാഹു അവർക്ക് നൽകിയതിന്. (തികഞ്ഞ നന്ദിയുള്ളവർ എന്റെ ദാസന്മാരിൽ അപൂർവമത്രെ) അതായത്, അല്ലാഹു തന്റെ അനുഗ്രഹങ്ങളിൽനിന്ന് തങ്ങളെ അനുഗ്രഹിച്ചതിനോടും തങ്ങളിൽനിന്ന് ദോഷം തടഞ്ഞതിനും അവരിൽ അധികപേരും അല്ലാഹുവിനോട് നന്ദിയുള്ളവരല്ല. ആ നിലയ്ക്ക് നന്ദി ചെയ്യാൻ അവർ ബാധ്യസ്ഥരാണ്. നന്ദി എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അംഗീകരിക്കലാണ്. അത് സ്വീകരിക്കുമ്പോൾ അതിലേക്കുള്ള ആവശ്യം പ്രകടിപ്പിക്കുന്നു. അല്ലാഹുവിനെ കൂടുതൽ അനുസരിക്കുകയും തെറ്റുകളിൽനിന്ന് വിട്ടുനിൽക്കുകയും ചെയ്യുക.

(14). എല്ലാതരം നിർമാണങ്ങളും പിശാചുക്കൾ സുലൈമാനുവേണ്ടി തുടർന്നു. അദൃശ്യശക്തികളെക്കുറിച്ചും മറഞ്ഞിരിക്കുന്നവയെക്കുറിച്ചും തങ്ങൾക്ക് അറിവുണ്ടെന്ന് പറഞ്ഞ് അവർ ആളുകളെ വഞ്ചിച്ചിരുന്നു. അവരുടെ ഈ വാദം കളവാണെന്ന് കാണിച്ചുകൊടുക്കാൻ അല്ലാഹു തീരുമാനിച്ചു. അവർ അവരുടെ ജോലിയിൽ തുടർന്നു. സുലൈമാൻ നബി(അ)ക്ക് അല്ലാഹു മരണം വിധിച്ചു. തന്റെ ഊന്നുവടിയിന്മേൽ അദ്ദേഹം മരിച്ചു ചാരിക്കിടക്കുമ്പോൾ അവർ അദ്ദേഹത്തിന്റെ അരികിലൂടെ കടന്നുപോയിരുന്നു. അദ്ദേഹം ജീവനോടെയിരിക്കുന്നു എന്ന് അവർ വിചാരിച്ചു. അദ്ദേഹത്തെ അവർക്ക് ഭയമായിരുന്നു. ഒരു വർഷത്തോളം ഭൂമിയിലെ ഒരു ജീവി ആ വടി നശിപ്പിക്കുന്നതുവരെ അവർ അദ്ദേഹത്തിന് വേണ്ടി ജോലി തുടർന്നുകൊണ്ടിരുന്നു എന്ന് പറയപ്പെടുന്നു. അത് ഒടിഞ്ഞുവീഴുന്നതുവരെ അത് തിന്നുകൊണ്ടിരുന്നു. അങ്ങനെ സുലൈമാൻ നബി(അ) താഴെ വീണു. പിശാചുക്കൾ ചിതറിപ്പോയി. മനുഷ്യർക്ക് മനസ്സിലായി, തീർച്ചയായും ജിന്ന് (തങ്ങൾക്ക് അദൃശ്യകാര്യം അറിയാമായിരുന്നെങ്കിൽ അപമാനകരമായ ശിക്ഷയിൽ തങ്ങൾ കഴിഞ്ഞുകൂടേണ്ടിവരില്ലായിരുന്നു എന്ന് ജിന്നുകൾക്ക് ബോധ്യമായി) ആ ജോലി അത്രയും പ്രയാസകരമായിരുന്നു. അവർക്ക് അദൃശ്യമറിയാമായിരുന്നെങ്കിൽ സുലൈമാൻ നബി(അ)ന്റെ മരണം അവരറിയുമായിരുന്നു; അവരുടെ പ്രയാസകരമായ ജോലിയിൽനിന്ന് രക്ഷപ്പെടാൻ. അവർക്കതറിയാൻ അത്രയും താൽപര്യമുണ്ടായിരുന്നു.

(15). യമനിലുണ്ടായിരുന്ന ഒരു പ്രസിദ്ധ ഗോത്രമാണ് 'സബഅ്.' മഅ്രിബ് ദേശത്തായിരുന്നു അവർ താമസിച്ചിരുന്നത്. ജനങ്ങളോട് പൊതുവെയും അറബികളോട് പ്രത്യേകിച്ചും അല്ലാഹു കാണിച്ച ഒരു കാരുണ്യമാണ് അറബികളുടെ പരിസരങ്ങളിൽ ജീവിച്ചിരുന്നവർ നശിപ്പിക്കപ്പെട്ട കഥകൾ ഖുർആൻ വിവരിക്കുന്നു എന്നത്. അതിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണാം. ജനങ്ങൾ അവരുടെ വർത്തമാനങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നുണ്ട്. അത് കൂടുതൽ സത്യമായിത്തീരാനും ഉൽബോധനമാകാനും അതുമൂലം സാധിക്കുന്നു. അല്ലാഹു പറയുന്നു: (തീർച്ചയായും സബഅ് ദേശക്കാർക്ക് തങ്ങളുടെ അധിവാസകേന്ദ്രത്തിൽ ഉണ്ട്) അതായത് അവർ താമസിച്ച സ്ഥലത്ത്. (ദൃഷ്ടാന്തം) അല്ലാഹു അവർക്ക് അനുഗ്രഹങ്ങൾ നൽകിയതും ആപത്തുക്കളിൽനിന്നും രക്ഷിച്ചതുമാണ് ഇവിടെ അനുഗ്രഹം കൊണ്ടുദ്ദേശ്യം. അത് അല്ലാഹുവിനെ മാത്രം ആരാധിക്കാനും അവന് നന്ദി ചെയ്യാനും അനിവാര്യമാക്കി. തുടർന്ന് ആ ദൃഷ്ടാന്തം എന്താണെന്ന് അല്ലാഹു വിശദീകരിക്കുന്നു:

(അതായത്, വലതുഭാഗത്തും ഇടതുഭാഗത്തുമായി രണ്ട് തോട്ടങ്ങൾ) ധാരാളം മഴ ലഭിക്കുന്ന ഒരു വലിയ താഴ്വര അവർക്കുണ്ടായിരുന്നു. വെള്ളം ശേഖരിക്കാൻ അവർ വലിയ അണക്കെട്ടുകൾ നിർമിച്ചു. അതിലേക്ക് ധാരാളം അരുവികൾ ഒഴുകിയെത്തി. വെള്ളം അതിൽ നിറഞ്ഞു. ഇടതും വലതും ഉള്ള താഴ്വരകളിലേക്കെല്ലാം അതിൽനിന്ന് അവർ വെള്ളം വിതരണം ചെയ്തു. ആ രണ്ട് കൂറ്റൻ തോട്ടങ്ങൾ അവർക്ക് മതിയായ ഫലങ്ങളും വിളകളും




നൽകി. അവർക്ക് വളരെയധികം സന്തോഷം നൽകി. അതിനാൽ തങ്ങൾക്ക് ലഭിച്ച നിരവധി അനുഗ്രഹങ്ങൾക്കു നന്ദി ചെയ്യാൻ അല്ലാഹു അവരോട് നിർദേശിച്ചു. ആ രണ്ട് തോട്ടങ്ങൾ മുഖേന അവർക്ക് കിട്ടിയ മറ്റു നേട്ടങ്ങൾ:

*അവരുടെ ഭക്ഷണത്തിന്റെ ഭൂരിഭാഗവും നൽകിയത് ആ രണ്ടു തോട്ടങ്ങളായിരുന്നു.

*അല്ലാഹു അവരുടെ ഭൂമി സമൃദ്ധമാക്കിയതിനാൽ അവിടെയുള്ള നല്ല കാലാവസ്ഥയും സുഭിക്ഷമായ ഉപജീവനവും ലഭിച്ചു.

*ഇനി അവർ അവനോട് നന്ദി കാണിക്കുകയാണെങ്കിൽ അവൻ അവരോട് ക്ഷമിക്കുമെന്നും കരുണ കാണിക്കുമെന്നും ഉറപ്പ് നൽകി (നല്ലൊരു രാജ്യവും ഏറെ പൊറുക്കുന്ന രക്ഷിതാവും).

*അവരുടെ കച്ചവടത്തിനും ഉപജീവനത്തിനും അവർ അനുഗൃഹീതമായ ഒരു ദേശത്ത് എത്തണമെന്ന് അല്ലാഹുവിന് അറിയാമായിരുന്നു. ഈ ഗ്രാമം 'സൻആഅ്' ആയിരുന്നു എന്ന് പൂർവികരായ പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അത് ശാം ആയിരുന്നെന്നും അഭിപ്രായപ്പെട്ടവരുണ്ട്. ഭയമില്ലാതെ സുരക്ഷിതമായ ആ നാട്ടിൽ എത്തിച്ചേരാനുള്ള മാർഗങ്ങളും അവൻ സൗകര്യപ്പെടുത്തി. അതിനും അവർക്കുമിടയിൽ ധാരാളം പട്ടണങ്ങളുണ്ടായിരുന്നു. അതിനാൽ അവർ യാത്ര ചെയ്യുമ്പോൾ ഭക്ഷണസാധനങ്ങൾ കൊണ്ടുപോകാൻ ബുദ്ധിമുട്ടേണ്ടിവന്നില്ല.

അതാണ് അല്ലാഹു പറഞ്ഞത്: (അവർക്കും സബഅ് ദേശക്കാർക്കും നാം അനുഗ്രഹങ്ങൾ നൽകിയ-സിറിയൻ-ഗ്രാമങ്ങൾക്കിടയിൽ തെളിഞ്ഞ് കാണാവുന്ന ചില ഗ്രാമങ്ങളും നാം ഉണ്ടാക്കി. അവിടെ നാം യാത്രക്ക് താവളങ്ങൾ ഉണ്ടാക്കുകയും ചെയ്തു) അവർക്ക് മനസ്സിലാക്കാൻ കഴിയുന്ന യാത്രാതാവളങ്ങൾ രാത്രിയിൽ ചുറ്റിത്തിരിയാതെ അവർക്ക് നിശ്ചയിക്കാമായിരുന്നു. (നിർഭയരായി) രാത്രിയും പകലും നിർഭയത്വത്തോടെ സഞ്ചരിക്കാൻ അവർക്ക് സാധിച്ചു. നിർഭയത്വമെന്നത് അവർക്ക് അല്ലാഹു നൽകിയ ഏറ്റവും വലിയ അനുഗ്രഹമായിരിക്കുന്നു.

(16) അനുഗ്രഹം തന്നവനെ ആരാധിക്കുന്നതിൽനിന്നും അവർ തിരിഞ്ഞുകളഞ്ഞു. അനുഗ്രഹങ്ങളെ അവർ അവഗണിച്ചു. എളുപ്പം സഞ്ചരിക്കാൻ കഴിഞ്ഞിരുന്ന ആ ഗ്രാമങ്ങൾ തമ്മിൽ അകലങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ എന്നുവരെ അവർ ആഗ്രഹിച്ചു. അല്ലാഹുവിൽ അവിശ്വസിച്ചും അവന്റെ അനുഗ്രഹത്തിന് നന്ദികേട് കാണിച്ചും (അവർ അവരോട് അക്രമം ചെയ്തു) അതിനാൽ അവരെ അഹങ്കാരികളാക്കിയ അനുഗ്രഹങ്ങളെ എടുത്തുകളഞ്ഞ് അവരെ അല്ലാഹു ശിക്ഷിച്ചു. (അണക്കെട്ടിൽനിന്നുള്ള ജലപ്രവാഹം) അവരുടെ മേൽ അയച്ചു. ഒരു മഹാപ്രളയം അവൻ അവർക്കെതിരെ അയച്ചു. അവരുടെ തോട്ടങ്ങൾ നശിപ്പിക്കുകയും ചെയ്തു. അങ്ങനെ അത് മനോഹരമായ ചെടികളും ഫലവും നിറഞ്ഞ ആ തോട്ടങ്ങൾ നശിപ്പിക്കുകയും പകരം യാതൊരു പ്രയോജനവുമില്ലാത്ത മരങ്ങൾ ഉണ്ടാക്കുകയും ചെയ്തു. അതാണ് അല്ലാഹു പറഞ്ഞത്: (അവരുടെ ആ രണ്ട് തോട്ടങ്ങൾക്ക് പകരം രണ്ട് തോട്ടങ്ങളെ നൽകി) അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ലാത്ത രണ്ടെണ്ണം. (കയ്പുള്ള കായ്കനികളും കാറ്റാടി മരവും അൽപം ചില വാകമരങ്ങളും ഉള്ള) ഇതെല്ലാം പരിചിതങ്ങളായവയാണ്.

(17) അവർ ചെയ്തതിന് തത്തുല്യമായ പ്രതിഫലം. നന്മ നിറഞ്ഞ നന്ദിക്ക് പകരം ചീത്തയായ നിഷേധം പകരമാക്കിയതിനുള്ള പ്രതിഫലം. നേരത്തെ പറഞ്ഞ അനുഗ്രങ്ങൾക്കെല്ലാം പകരം. അതാണ് അല്ലാഹു പറഞ്ഞത്: 'അവർ നന്ദികേട് കാണിച്ചതിന് നാം പ്രതിഫലമായി നൽകിയതാണത്. കടുത്ത നന്ദികേട് കാണിക്കുന്നവന് നേരെയല്ലാതെ നാം ശിക്ഷാ നടപടി എടുക്കുമോ?' ശിക്ഷ നൽകുന്നത് അല്ലാഹുവിനെ നിഷേധിച്ചവർക്കും നന്ദികെട്ടവർക്കും മാത്രമാണ്. ■

വിവ. അബ്ദുൽ ജബ്ബാർ മദീനി



# ക്വുർആൻ പാരായണത്തിന്റെയും നന്ദിയുടെയും സുജൂദ്

### സുജൂദുത്തിലാവഃ; നിയമവും വിധിയും

സുജൂദുകൾ വന്ന ആയത്തുകൾ പാരായണം ചെയ്യുമ്പോഴും അവ കേൾക്കുമ്പോഴും നിയമമാക്കപ്പെട്ടതാണ് സുജൂദുത്തിലാവഃ. ഇത് സുന്നത്താണ്; നിർബന്ധമല്ല എന്നതാണ് സ്വഹീഹായ അഭിപ്രായം. സെയ്ദ് ഇബ്നുസാബിത്(റ) നബി(സ്വ)ക്ക് സൂറത്തുന്നജ്മ് ഓതിക്കൊടുക്കുകയുണ്ടായി. അപ്പോൾ തിരുമേനി സുജൂദ് ചെയ്തില്ല. ഈ ഹദീസ് സുജൂദുത്തിലാവഃ നിർബന്ധമല്ലെന്ന് അറിയിക്കുന്നു.

നമസ്കാരത്തിലായാലും നമസ്കാരത്തിനു പുറത്തായാലും ക്വുർആൻ പാരായണം ചെയ്യുന്നവന്റെയും കേൾക്കുന്നവന്റെയും മേൽ സുജൂദുത്തിലാവഃ നിയമമാക്കപ്പെടും. കാരണം സുജൂദുള്ള ആയത്തുകൾ പാരായണം ചെയ്യുമ്പോൾ തിരുനബിയും നബിയോടൊപ്പം സ്വഹാബിമാരും അപ്രകാരം ചെയ്തിരിന്നു. നമസ്കാരത്തിൽ സുജൂദുത്തിലാവഃ നിയമമാണെന്നതിനു തെളിവ് അബൂറാഫിഇ(റ)ൽനിന്നുള്ള ഹദീസാകുന്നു. അദ്ദേഹം പറഞ്ഞു:

“ഞാൻ അബൂഹുറയ്റ(റ)യോടൊന്നിച്ചു ഇശാഅ് നമസ്കരിച്ചു. അപ്പോൾ അദ്ദേഹം സൂറത്തുൽ ഇൻശിക്വാക് പാരായണം ചെയ്യുകയും (ഓത്തിന്റെ) സുജൂദു ചെയ്യുകയും ചെയ്തു. ഞാൻ ചോദിച്ചു: ‘ഇത് എന്താണ്?’ അദ്ദേഹം പറഞ്ഞു: ‘അബുൽക്വാസിം, നബി (സ്വ)യുടെ പിന്നിൽ ഈ സൂറത്തിൽ ഞാൻ സുജൂദു

ചെയ്തിരുന്നു. തിരുമേനിയെ കണ്ടുമുട്ടുന്നതുവരെ ഞാൻ അത് (പരായണം ചെയ്തു) സുജൂദു ചെയ്തു കൊണ്ടിരിക്കും.”

പാരായണം ചെയ്യുന്നവൻ സുജൂദു ചെയ്തിട്ടില്ലെങ്കിൽ ശ്രോതാവ് സുജൂദ് ചെയ്യരുത്. കാരണം സുജൂദിന്റെ വിഷയത്തിൽ ശ്രോതാവ് പാരായണം ചെയ്യുന്നവനെ തുടരേണ്ടതുണ്ട്. മേൽപറഞ്ഞ, സെയ്ദ് ഇബ്നു സാബിതിൽനിന്നുള്ള ഹദീസിന്റെ തേട്ടവും അതാണ്. കാരണം സെയ്ദ്(റ) സുജൂദു ചെയ്തില്ല. അതിനാൽ തിരുനബി(സ്വ)യും സുജൂദു ചെയ്തില്ല.

### സുജൂദുത്തിലാവഃയുടെ മഹത്ത്വം

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം, തിരുനബി(സ്വ) പറഞ്ഞു: “ആദമിന്റെ പുത്രൻ സുജൂദുള്ള ആയത്തു പാരായണം ചെയ്യുകയും സുജൂദു ചെയ്യുകയുമായാൽ കരഞ്ഞുകൊണ്ട് ശയ്ത്വാൻ അകന്നു നിൽക്കും. അവൻ പറയും: ‘നാശം! മനുഷ്യൻ സുജൂദുകൊണ്ട് കൽപിക്കപ്പെടുകയും അവൻ സുജൂദു ചെയ്യുകയും ചെയ്തു. അതിനാൽ അവന്നു സ്വർഗമുണ്ട്. ഞാൻ സുജൂദുകൊണ്ടു കൽപിക്കപ്പെട്ടു. അപ്പോൾ ഞാൻ വിസമ്മതിച്ചു. അതിനാൽ എനിക്കു നരകമാണ്.”

### സുജൂദുത്തിലാവഃയുടെ രൂപവും രീതിയും

ഒരു സുജൂദു ചെയ്യുക. സുജൂദിലേക്കു പോകുമ്പോൾ തക്ബീർ ചൊല്ലുക. നമസ്കാരത്തിലെ സുജൂദിൽ ചൊല്ലുന്നതുപോലെ سبحان رَبِّىَ الأَعْلى (അത്യുന്നതനായ എന്റെ റബ്ബിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു) എന്നു ചൊല്ലുക. അപ്രകാരം سُبْحانَكَ اللَّهُمَّ ربَّنَا وَبحمْدِكَ اللَّهمَّ اغْفِرْ لِى (ഞങ്ങളുടെ റബ്ബായ അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ, എന്റെ പാപം നീ പൊറുക്കണമേ) എന്നും ചൊല്ലാവുന്നതാണ്. سجد وجهى للذى خلقَه وصوره وشقَّ سمعه وبصره بحوله وقُوَّته (സൃഷ്ടിക്കുകയും കണ്ണും കാതും കീറുകയും ചെയ്തത് ഏതൊരുവന്റെ ശക്തിയും ശേഷിയും കൊണ്ടാണോ അവന് എന്റെ മുഖം സുജൂദ് ചെയ്തിരിക്കുന്നു) എന്നും ചൊല്ലാവുന്നതാണ്.

> “ആദമിന്റെ പുത്രൻ സുജൂദുള്ള ആയത്തു പാരായണം ചെയ്യുകയും സുജൂദു ചെയ്യുകയുമായാൽ കരഞ്ഞുകൊണ്ട് ശയ്ത്വാൻ അകന്നുനിൽക്കും. അവൻ പറയും: ‘നാശം! മനുഷ്യൻ സുജൂദുകൊണ്ട് കൽപിക്കപ്പെടുകയും അവൻ സുജൂദു ചെയ്യുകയും ചെയ്തു. അതിനാൽ അവന്നു സ്വർഗമുണ്ട്. ഞാൻ സുജൂദുകൊണ്ടു കൽപിക്കപ്പെട്ടു. അപ്പോൾ ഞാൻ വിസമ്മതിച്ചു. അതിനാൽ എനിക്കു നരകമാണ്.”

### തിലാവത്തിന്റെ സുജൂദുള്ള സ്ഥലങ്ങൾ

വിശുദ്ധ ഖുർആനിൽ പാരായണത്തിന്റെ സുജൂദുള്ള സ്ഥലങ്ങൾ പതിനഞ്ചാണ്. അവ ക്രമത്തിൽ ഇപ്രകാരമാകുന്നു:

1. സൂറതുൽഅഅ്റാഫ്: 206.
2. സൂറതുർറഅ്ദ്: 15.
3. സൂറതുന്നഹ്ല്: 49.
4. സൂറതുൽഇസ്റാഅ്: 107.
5. സൂറതുമർയം: 58.
6. സൂറതുൽഹജ്ജ്: 18.
7. സൂറതുൽഹജ്ജ്: 77.
8. സൂറതുൽഫുർക്വാൻ: 60.
9. സൂറതുന്നംല്: 25.
10. സൂറതുസ്സജദ: 15.
11. സൂറതുസ്സ്വാദ്: 24.
11. സൂറതു ഫുസ്സ്വിലത്ത്: 37.
12. സൂറതുന്നജ്മ്: 62.
13. സൂറതുൽഇൻശിക്വാക്വ്: 21.
14. സൂറതുൽഅലക്വ്: 19.

### സുജൂദുശ്ശുക്റ്

ഒരു അനുഗ്രഹം ലഭിച്ചവനും അല്ലെങ്കിൽ ഒരു ആപത്ത് ചെറുക്കപ്പെട്ടവനും അതുമല്ലെങ്കിൽ തനിക്ക് സന്തോഷകരമായതുകൊണ്ട് സുവിശേഷമറിയിക്കപ്പെട്ടവനും തിരുനബി(സ്വ)യെ അനുധാവനം ചെയ്ത് അല്ലാഹുവിനു സുജൂദു ചെയ്യൽ സുന്നത്താണ്. ഈ സുജൂദ് ചെയ്യുവാൻ ക്വിബ്ലക്ക് മുന്നിടൽ നിബന്ധനയല്ല. എന്നാൽ അതിൽ ക്വിബ്ലക്കു മുന്നിട്ടാൽ അത് ഏറ്റവും ഉത്തമമാണ്.

അല്ലാഹുവിന്റെ റസൂൽ(സ്വ) ശുക്റിന്റെ സുജൂദ് ചെയ്യാറുണ്ടായിരുന്നു. അബൂബക്റ്(റ)വിൽനിന്നു നിവേദനം: “തനിക്കു സന്തോഷകരമായ ഒരു കാര്യം തിരുനബി(സ്വ)ക്ക് വന്നാൽ അല്ലെങ്കിൽ അതുകൊണ്ടു തിരുമേനി സുവിശേഷമറിയിക്കപ്പെട്ടാൽ അനുഗ്രഹപൂർണനും അത്യുന്നതനുമായ അല്ലാഹുവിനു ശുക്റ് അർപ്പിച്ചുകൊണ്ട് അവിടുന്ന് സുജൂദു ചെയ്തു വീഴുമായിരുന്നു.” ഇപ്രകാരം സ്വഹാബികളും ചെയ്യുമായിരുന്നു.

സുജൂദുത്തിലാവഃയുടെ വിധിതന്നെയാണ് ശുക്റിന്റെ സുജൂദിന്റെ വിധിയും. അതുപോലെയാണ് അതിന്റെ രൂപവും രീതിയും.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)* ■

ശാനിദ ബിൻത് അഹ്മദ്
ഈങ്ങാപ്പുഴ



# ഉമ്മാക്ക് പരാതിയില്ല

രണ്ടു ദിവസമായി ആദുവിനെ കാണാത്ത ആധിയിലാണ് അയ്ശുമ്മ. പതിയെ താൻ ആർക്കും വേണ്ടാത്തവളായി മാറുകയാണോ? മനസ്സൊന്നു നടുങ്ങി. വൃദ്ധസദനത്തിൽ വന്നതിൽ പിന്നെ ഒരു ദിവസം പോലും അവൻ വരാതിരുന്നിട്ടില്ല.

ഇഷ്ടപ്പെട്ട ഏതെങ്കിലും ഒന്ന് കൈയിൽ കരുതി, എന്നും ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്ന വഴി അവൻ വരും. കുറേസമയം കൂടെയിരുന്നിട്ടേ വീട്ടിലേക്ക് പോകാറുള്ളൂ.

അയ്ശുമ്മയുടെ മനസ്സ് ഭൂതകാലത്തിലേക്ക് പതുക്കെ ഊളിയിട്ടു. വളരെ പാവപ്പെട്ട ഒരു കുടുംബത്തിലെ നല്ല കുട്ടിയായിരുന്നു അമീന. അവളുടെ ഉപ്പയുടെയും ഉമ്മയുടെയും സ്വഭാവഗുണങ്ങളും അവളുടെ നന്മയും കണ്ടാണ് അവളെ മരുമകളായി സ്വീകരിക്കാൻ താൻ തയ്യാറായത്.

ആദൂന് വലിയ താൽപര്യമില്ലാഞ്ഞിട്ടും തന്റെ നിർബന്ധപ്രകാരമാണ് അവൻ അമീനയെ വിവാഹം കഴിച്ചത്. സ്വന്തം മകളെ പോലെയാണ് താൻ അവളെ നോക്കിയത്. വളരെ പെട്ടെന്നാണ് അവളുടെ സ്വഭാവത്തിൽ മാറ്റമുണ്ടായത്. നേരാംവണ്ണം വിശപ്പകറ്റാൻ പോലും നിവൃത്തിയില്ലാത്ത വീട്ടിൽ വളർന്ന അവളിൽ, അത്യാവശ്യം സാമ്പത്തികശേഷിയുള്ള വീട്ടിലെത്തിയപ്പോൾ അഹങ്കാരം തലപൊക്കി. താൻ എത്ര സ്നേഹിച്ചിട്ടും അവൾ തന്നോട് വെറുപ്പു കാണിച്ചു. താൻ അവൾക്കൊരു അധികപ്പറ്റായി. വീട്ടിൽ താൻ ഉള്ളത് അവൾക്ക് ശ്വാസംമുട്ടലായി. അവൾ എന്നും രാത്രി ആദുവിനോട് തന്നെ ചൊല്ലി വഴക്കിടും.

'എന്റെ ഉമ്മ നിനക്കൊരു ശല്യമാണെങ്കിൽ നിനക്ക് നിന്റെ വഴി നോക്കാം. എന്റെ ഉമ്മയുടെ കൂടെ ജീവിക്കാൻ തയ്യാറുള്ള പെണ്ണിനെ കിട്ടുമോ എന്ന് ഞാൻ നോക്കട്ടെ' ഒരു ദിവസം വഴക്കിനിടയിൽ ആദു അമീനയോടു പറഞ്ഞത് താൻ കേട്ടു.

അന്ന് താൻ തന്നെയാണ് വൃദ്ധസദനത്തിലേക്ക് പോകാനുള്ള തീരുമാനമെടുത്തത്. എന്റെ മോന്റെ, അവന്റെ രണ്ടു പിഞ്ചു മക്കളുടെ ജീവിതം കണ്ണീരിൽ കുതിർന്നതാകാതിരിക്കാനായിരുന്നു ആ തീരുമാനം. അതു കേട്ട് ആദു പൊട്ടിത്തെറിച്ചു. ഏറെ നേരം കരഞ്ഞു.

താൻ അവനെ ആശ്വസിപ്പിച്ചു: 'എല്ലാം ശരിയാകും. അവളുടെ മനസ്സു മാറും. അന്നു ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ തിരിച്ചുവരാം. അവളെ നീ മൊഴിചൊല്ലാനൊന്നും നോക്കേണ്ട.' ഒടുവിൽ തന്റെ തീരുമാനത്തിന് അവനു വഴങ്ങേണ്ടിവന്നു.

വിദൂരതയിലേക്കു നോക്കി ഓർമകളുടെ കൂടെ സഞ്ചരിക്കവെ അയ്ശുമ്മയുടെ കണ്ണുകൾ അവരറിയാതെ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഓർമകൾ വീണുടയവെ മകൻ അടുത്തുവന്ന് നിൽക്കുന്നത് അയ്ശുമ്മ അറിഞ്ഞു. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

'ഉമ്മാന്റെ കുട്ടി വിഷമിക്കണ്ട...ഇങ്ങോട്ടുള്ള വരവും അവൾ തടഞ്ഞു അല്ലേ? ഉമ്മാക്ക് പരാതിയില്ല...നിന്റെ മനസ്സിൽ ഉമ്മാക്കുള്ള ഇടം... അതെന്നും ഉണ്ടായാൽ മതി...നിന്റെ അവസ്ഥ ഉമ്മാക്ക് നന്നായി അറിയാം, അവളുടെ മനസ്സ് മാറും മോനേ, ഒരു ദിവസം അവളെന്നെ വിളിക്കാൻ വരും. അന്നു ഞാൻ വീട്ടിലേക്ക് മടങ്ങും. അവിടെ വെച്ച്, നീ അടുത്തുണ്ടായിരിക്കെ ഉമ്മാക്ക് മരിക്കണം. എന്റെ കുട്ടിക്ക് റബ്ബ് നല്ലതേ വരുത്തൂ...' അയ്ശുമ്മയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ പ്രവഹിച്ചു.

നിറകണ്ണുകൾ തുടച്ച് യാത്ര പറഞ്ഞു നടന്നകലുന്ന മകനെ കാണാമറയത്തെത്തും വരെ അയ്ശുമ്മ നോക്കിനിന്നു. ■

അൻവർ കണ്ണീരി അമ്മിനിക്കാട്
(Counselling Psychologist)

# അമിത സ്വാതന്ത്ര്യവും സ്ക്രീനോമാനിയയും

ഒരു സ്കൂളിൽനിന്ന് വിദ്യാർഥികളുടെ രക്ഷിതാക്കൾക്ക് ഒരു വാട്സാപ്പ് വോയ്സ് മെസ്സേജ് അയച്ചത് ഈയിടെ കേൾക്കാനിടയായി. 'ഒരിക്കലും കുട്ടികളുടെ കൈയിൽ മൊബൈൽ കൊടുക്കരുത്. ഏറ്റവും ചെറിയ ക്ലാസ്സിലെ കുട്ടികൾ പോലും തർക്കുത്തരം പറഞ്ഞുകൊണ്ടിരിക്കുന്നു. അനുസരണ കുറവാണ്. രക്ഷിതാക്കൾ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.' മെസ്സേജിന്റെ ആകെത്തുക ഇതായിരുന്നു. യഥാർഥത്തിൽ സ്ക്രീനാണോ കുട്ടികളെ നാശത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നത് അതോ അവരെ സ്ക്രീനിലേക്ക് മാത്രം ഒതുക്കുന്ന രക്ഷിതാക്കളോ?

'സ്ക്രീനോമാനിയ' ബാധിച്ച കുട്ടികളെ ധാരാളമായി ഇന്ന് കാണാൻ സാധിക്കുന്നതിന്റെ പിന്നിൽ രക്ഷിതാക്കൾ മക്കൾക്ക് നൽകുന്ന ചില സന്ദർഭങ്ങളിലും സമയങ്ങളിലും നൽകുന്ന അമിത സ്വാതന്ത്ര്യം മാത്രമാണ്. കുട്ടികൾ ഭക്ഷണം കഴിക്കണമെങ്കിൽ സ്ക്രീനിൽ പ്രകാശം തെളിയണം, കുട്ടികൾ വസ്ത്രം ധരിക്കണമെങ്കിൽ സ്ക്രീൻ തെളിയണം. രക്ഷിതാക്കൾക്ക് വീട്ടിലെ ജോലി 'സ്വസ്ഥമായി' ചെയ്യണമെങ്കിൽ, സീരിയൽ കാണണമെങ്കിൽ കുട്ടികൾ ഒരിടത്ത് അടങ്ങിയിരിക്കണം. അതിനായി എത്രസമയം വേണമെങ്കിലും മൊബൈൽ ഫോണിൽ നോക്കിയിരിക്കാനുള്ള അമിതസ്വാതന്ത്ര്യം അനുവദിക്കും. ഈ രക്ഷിതാക്കൾ തന്നെയാണ് യഥാർഥ വില്ലൻമാർ.

സമീപകാല നിരീക്ഷണത്തിൽ ബോധ്യമായ ഒരു യാഥാർഥ്യമുണ്ട്; സൈക്കോളജിക്കൽ കൗൺസിലിംഗിന് വരുന്നവരിലധികവും, അല്ലെങ്കിൽ വിളിച്ച് അന്വേഷിക്കുന്നവരിലധികവും മൊബൈൽ സ്ക്രീനോമാനിയയിൽ പെട്ട മക്കളെ മാറ്റിയെടുക്കാനുള്ള വഴിയാണ് ചോദിക്കുന്നത്.

മൊബൈൽ സ്ക്രീനിന്റെ ഉപയോഗം ഓരോ പ്രായക്കാരിലും വ്യത്യസ്തമായ അടിമത്തമാണ് സൃഷ്ടിക്കുന്നത്. മൊബൈൽ സ്ക്രീൻ കണ്ടാൽ തുറയുന്ന വായയിൽ, സ്ക്രീൻ തെളിഞ്ഞാൽ നിറയുന്ന എന്തോ ആയിട്ടുണ്ട് ഭക്ഷണം. ഭക്ഷണത്തിന്റെ രുചിയും മണവുമൊന്നും അവർ അറിയുന്നില്ല. നിർവികാരത, നിർജീവത എന്നിവ മക്കളിൽ രൂപപ്പെടുന്നു. അതിന്റെ അനന്തരഫലമായി വല്ലാത്ത മാനസിക സംഘർഷത്തിൽ അകപ്പെടുന്ന ഒരവസ്ഥ തുടർന്നങ്ങോട്ടുള്ള ജീവിതത്തിൽ ഉണ്ടാകുന്നു.

വളർച്ചയുടെ ഘട്ടങ്ങളിലെ സുപ്രധാനമായ കൗമാര ഘട്ടത്തിൽ കൈയിൽ ലഭിക്കുന്ന ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോൺ അത്ഭുതങ്ങളുടെ ലോകമാണ് കുട്ടികൾക്ക് സമ്മാനിക്കുന്നത്. വിരലൊന്നമർത്തിയാൽ ലഭിക്കുന്ന വിസ്മയങ്ങൾ അവരെ പലതിന്റെയും അടിമകളാക്കി മാറ്റുന്നു. കൗമാര കാലഘട്ടത്തിൽ രൂപപ്പെടുന്ന ചില സ്വാഭാവികമായ സ്വഭാവ വ്യതിയാനങ്ങളുണ്ട്. എന്നാൽ മൊബൈലിന്റെ അടികളായി മാറിയാൽ അക്രമോൽസുകതയും മാനസിക പിരിമുറുക്കങ്ങളും അധികരിക്കുന്നു. ക്ഷമ, സഹിഷ്ണുത തുടങ്ങിയ മാനുഷിക ഗുണങ്ങൾ നഷ്ടപ്പെടുന്നു. ഈ പ്രായത്തിൽ അകപ്പെടുന്ന അപകടങ്ങളുടെ ആഴി നമുക്ക് മുങ്ങിയാലൊന്നും കാണാനാവാത്തതിലുമപ്പുറമാണ്.

ഉറങ്ങാൻ കിടന്നാൽ മണിക്കൂറുകളോളം സ്ക്രീൻ റോൾ ചെയ്യാതല്ലാതെ ഉറക്കം വരാത്ത സാഹചര്യമാണ് രക്ഷിതാക്കൾക്കുള്ളത്. യുവതലമുറയുടെ കാര്യം പറയാനുമില്ല! ചുരുക്കത്തിൽ ഒരു കാലഘട്ടത്തിലെ എല്ലാ പ്രായക്കാരും മൊബൈൽ സ്ക്രീനിന്റെ വല്ലാത്ത മായാവാലയത്തിൽ അകപ്പെട്ടിരിക്കുന്നു. യഥേഷ്ടം ഉപയോഗിക്കാവുന്ന വേഗതയേറിയ ഇന്റർനെറ്റ് ഡാറ്റയും സൗകര്യങ്ങളും നന്മയുടെ മാർഗത്തിലല്ല തിന്മയുടെ മാർഗത്തിലാണ് കൂടുതലായും ഉപയോഗിക്കപ്പെടുന്നത്. ഫലമോ, വ്യക്തികളിൽ സ്വഭാവദൂഷ്യങ്ങൾ വർധിക്കുന്നു. ബന്ധങ്ങൾക്ക് വിള്ളൽ വീഴുന്നു. അകൽച്ച വർധിക്കുന്നു. സ്വന്തത്തിൽ ഒതുങ്ങിക്കൂടുന്ന അവസ്ഥയുണ്ടാകുന്നു. സമയവും സമ്പത്തും പരലോകത്ത് ചോദ്യം ചെയ്യപ്പെടുന്ന അനുഗ്രഹങ്ങളാണെന്ന തിരിച്ചറിവുണ്ടങ്കിൽ സ്വയം നിയന്ത്രിക്കാൻ സാധിക്കും. ■

ഡോ. ടി. കെ. യൂസുഫ്
: 9349798262



# മുഹമ്മദ് നബി(സ്വ); മാതൃകാ അധ്യാപകൻ

"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു"
-ജുമുഅ: 2

മാനവസമൂഹത്തിന് വേദം ഓതിക്കൊടുത്ത് അവരെ സംസ്കരിക്കാൻ നിയമിതനായ മുഹമ്മദ് നബി(സ്വ) അധ്യാപകസമൂഹത്തിന് അനുകരണീയ മാതൃകയാണ്. തിരുമേനിയുടെ നിയോഗ ദൗത്യത്തെക്കുറിച്ച് ഖുർആൻ പറയുന്നത് ഇപ്രകാരമാണ്:

"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (ജുമുഅ: 2).

'അല്ലാഹു എന്നെ ഒരു അധ്യാപകനായിട്ടാണ് നിയോഗിച്ചത്' എന്ന് ധാരാളം ഹദീസുകളിൽ തിരുമേനി(സ്വ) തന്നെ വ്യക്തമാക്കിയതായി കാണാം. ഒരു നല്ല അധ്യാപകനു വേണ്ട ധാരാളം സ്വഭാവഗുണങ്ങൾ തിരുവചനങ്ങൾ വിശകലനം ചെയ്താൽ നമുക്ക് കണ്ടെത്താനാകും.

ഒരു അധ്യാപകനുണ്ടായിരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഗുണം അവൻ തന്റെ ജോലിയായ അധ്യാപനത്തിന് മുഖ്യ ശ്രദ്ധ നൽകണമെന്നതാണ്. പ്രവാചകൻ(സ്വ) ആളുകൾക്ക് എന്തെങ്കിലും പഠിപ്പിച്ചു കൊടുക്കുന്നതിന് വർദ്ധിച്ച പ്രാധാന്യം നൽകിയിരുന്നു. ഇക്കാര്യം വ്യക്തമാക്കുന്ന ഒരു ഹദീസ് കാണുക:

അല്ലാഹുവിന്റെ ദൂതർ(സ്വ) പള്ളിയിലെ രണ്ട് സദസ്സുകൾക്കരികിലൂടെ നടന്നുപോയി. അദ്ദേഹം പറഞ്ഞു: 'ഈ രണ്ടുകൂട്ടരും നന്മയിലാണ്. അവരിൽ ഒന്ന് മറ്റവരെക്കാളും ഉത്തമരാണ്. ഒരു കൂട്ടർ അല്ലാഹുവിനോട് പ്രാർഥിക്കുകയും അവനിൽ പ്രതീക്ഷവയ്ക്കുകയും ചെയ്യുന്നു. അല്ലാഹു ഉദ്ദേശിച്ചാൽ അവർക്ക് നൽകും. അവൻ ഉദ്ദേശിച്ചാൽ അവർക്ക് തടയപ്പെടും. എന്നാൽ ഇക്കൂട്ടർ മതപരമായ അറിവ് പഠിക്കുന്നു, അറിയാത്തവനെ പഠിപ്പിക്കുന്നു. അവർ ഏറ്റവും ശ്രേഷ്ഠരാണ്. ഞാൻ അധ്യാപകനായി നിയമിതനായവനാണ്.' എന്നിട്ട് അദ്ദേഹം അവരുടെ കൂടെ ഇരുന്നു" (ദാരിമി).

പഠിതാക്കൾക്ക് വേണ്ടത്ര ശ്രദ്ധയും പരിഗണനയും നൽകേണ്ടത് ഒരു അധ്യാപകന്റെ കടമയാണ്. ഒരു വൈജ്ഞാനികസദസ്സിൽ തിരുമേനി(സ്വ) അനുവർത്തിച്ചിരുന്ന കാര്യങ്ങൾ ഒരു സുദീർഘമായ ഹദീസിൽ വിവരിക്കുന്നുണ്ട്. അതിൽ പഠിതാവിനെ ശ്രദ്ധിക്കുന്ന കാര്യവും ഊന്നിപ്പറയുന്നുണ്ട്:

"നബി(സ്വ) അല്ലാഹുവിനെ സ്മരിച്ചുകൊണ്ടല്ലാതെ ഒരു സദസ്സിൽ ഇരിക്കുകയോ അവിടെനിന്നും എഴുന്നേൽക്കുകയോ ചെയ്തിരുന്നില്ല. അവിടെ ഇരിക്കുന്ന ഓരോ വ്യക്തിക്കും വേണ്ട പരിഗണന നൽകിയിരുന്നു. ഒരു സദസ്സിലുള്ള ഒരാൾക്കും മറ്റുള്ളവർ തന്നെക്കാൾ തിരുസന്നിധിയിൽ ആദരിക്കപ്പെട്ടവനാണെന്ന് തോന്നിയിരുന്നില്ല...."(ത്വബ്റാനി).

ഒരു ക്ലാസിലുള്ള ഓരോ വിദ്യാർഥിക്കും മതിയായ ആദരവും അംഗീകാരവും നൽകേണ്ടത് അധ്യാപകന്റെ ചുമതലയാണെന്നാണ് ഈ ഹദീസ് വ്യക്തമാക്കുന്നത്. വിദ്യാർഥികളുടെ ആവശ്യങ്ങളും വികാരവിചാരങ്ങളും പരിഗണിക്കാതെയുള്ള അധ്യാപനം ഫലവത്താകാൻ സാധ്യതിയില്ല എന്ന കാര്യവും ഹദീസുകളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയും.

"ഞങ്ങൾ അല്ലാഹുവിന്റെ ദൂതരുടെ അടുക്കൽ ചെന്നു. ഞങ്ങൾ സമപ്രായക്കാരായ ചെറുപ്പക്കാരായിരുന്നു. അങ്ങനെ ഞങ്ങൾ പ്രവാചകന്റെ അടുക്കൽ ഇരുപത് രാത്രികൾ താമസിച്ചു. അല്ലാഹുവിന്റെ ദൂതർ സൗമ്യനും കാരുണ്യവാനുമായിരുന്നു. ഞങ്ങൾക്ക് കുടുംബത്തോട് ആഗ്രഹമുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം ഞങ്ങളോട് ചോദിച്ചു: 'വീടുകളിൽ ആരെ വിട്ടേച്ചുകൊണ്ടാണ് വന്നിട്ടുള്ളത്?' ഞങ്ങൾ ആ വിവരം പറഞ്ഞു. അപ്പോൾ 'നിങ്ങൾ വീട്ടിലേക്ക് മടങ്ങിപ്പോകുക, എന്നിട്ട് അവരോടൊപ്പം താമസിക്കുക, അവർക്ക് പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുക. നമസ്കാര സമയമായാൽ അതിന് അവരോട് കൽപിക്കുക, ഒരാൾ ബാങ്ക് കൊടുക്കുകയും മുതിർന്നവൻ ഇമാമ് നിൽക്കുകയും ചെയ്യുക."

മതം പഠിക്കാൻ വന്നവരാണെങ്കിലും കുടുംബത്തെ അധികനാൾ വിട്ടുനിൽക്കുന്നത് അവരുടെ മനസ്സാന്നിധ്യം നഷ്ടപ്പെടുത്തുന്നുണ്ടെന്ന്

> പ്രവാചകന്റെ അനുചര ന്മാരിൽ തികച്ചും അപരി ഷ്കൃതരായ അറബികൾ ഉൾപ്പെടെ വ്യത്യസ്ത സ്വ ഭാവമുള്ള ആളുകളുണ്ടാ യിരുന്നു. അവരിലോരോ രുത്തരോടും ഉചിതവും അനുയോജ്യവുമായ രൂപ ത്തിലായിരുന്നു നബി(സ്വ) അനുവർത്തിച്ചിരുന്നത്. അതുകൊണ്ട്തന്നെ ഏത് തരത്തിലും കാലഘട്ടത്തി ലും സാംസ്കാരിക നില വാരത്തിലുമുള്ള വിദ്യാ ർഥികളെ പഠിപ്പിക്കുന്ന അധ്യാപകർക്ക് മുഹമ്മദ് നബി(സ്വ)യിൽ ഉത്തമമായ മാതൃക കണ്ടെത്താൻ കഴി യുന്നതാണ്.

നബി(സ്വ) മനസ്സിലാക്കുകയും അവരോട് വീട്ടിലേക്ക് തിരിച്ചു പോകാൻ കൽപിക്കുകയും ചെയ്തു. ഒരു അധ്യാപകൻ വിദ്യാർഥികളുടെ വികാരവിചാരങ്ങൾ പരിഗണിക്കണമെന്നാണ് ഈ സംഭവം ഊന്നിപ്പറയുന്നത്.

ആധുനിക കാലത്ത് വിദ്യാർഥികളിൽ അനുസരണമില്ലാത്തവരെ ധാരാളം കാണാം. അവരെ സൗഹൃദത്തോടെ കൈകാര്യം ചെയ്തില്ലെങ്കിൽ അവർ കൂടുതൽ ധാർഷ്ട്യം കാണിക്കാനാണ് ശ്രമിക്കുക. പ്രവാചക ജീവിതം പരിശോധിക്കുകയാണെങ്കിൽ പരുക്കൻ സ്വഭാവമുള്ളവരെ മെരുക്കിയെടുത്ത ധാരാളം സംഭവങ്ങൾ കാണാം.

അനസി(റ)ൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: "ഞാൻ അല്ലാഹുവിന്റെ ദൂതരുടെ കൂടെ നടന്നുപോകുകയായിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ പരുക്കൻ അരികുകളുള്ള ഒരു പുതപ്പുണ്ടായിരുന്നു. ഒരു അപരിഷ്കൃത അറബി അദ്ദേഹത്തെ കണ്ടുമുട്ടി, വളരെ ശക്തമായി ആ വസ്ത്രം പിടിച്ചുവലിച്ചു. ഞാൻ തിരുമേനിയുടെ ശരീരത്തിലേക്ക് നോക്കിയപ്പോൾ ആ വലിയുടെ ശക്തി കാരണം ആ പുതപ്പിന്റെ പരുക്കൻ കര തിരുമേനിയുടെ ശരീരത്തിൽ പാട് വീഴ്ത്തിയതായി ഞാൻ കണ്ടു. പിന്നീട് ആ അപരിഷ്കൃത അറബി പറഞ്ഞു: 'ഹേ മുഹമ്മദ്! നിന്റെ അടുക്കലുള്ള അല്ലാഹുവിന്റെ ധനം എനിക്ക് തരാൻ നീ കൽപിക്കുക.' അപ്പോൾ നബി(സ്വ) അദ്ദേഹത്തിലേക്ക് തിരിഞ്ഞു. എന്നിട്ട് ചിരിക്കുകയും അദ്ദേഹത്തിന് ദാനം നൽകാൻ കൽപിക്കുകയും ചെയ്തു"(ബുഖാരി).

ഇത്തരത്തിൽ പരുക്കൻ സ്വഭാവമുള്ള, 'മുള്ളെടുക്കുകയും തണ്ടുകാണിക്കുകയും' ചെയ്യുന്ന വിദ്യാർഥികളെ ഒരു അധ്യാപകന് അഭിമുഖീകരിക്കേണ്ടി വരും. അത്തരം സന്ദർഭങ്ങളിൽ പ്രവാചകൻ(സ്വ) ചെയ്തതുപോലെ ചിരിച്ചുകൊണ്ട് പ്രതികരിക്കുകയാണെങ്കിൽ നല്ല പ്രതിഫലനമുണ്ടാക്കാൻ കഴിയും.

പ്രായത്തിന്റെ ചാപല്യം തത്ത്വദീക്ഷയില്ലാതെ പ്രകടിപ്പിക്കുന്ന വിദ്യാർഥികളുടെ എണ്ണവും ഇപ്പോൾ വർധിച്ചുവരികയാണ്. വിവേകത്തെ വികാരം അതിജയിക്കുന്നതാണ് ഇതിന് കാരണം. ഇത്തരം വിദ്യാർഥികളെ യുക്തിപൂർവം അനുനയിപ്പിക്കുന്ന രീതിയും പ്രവാചകവചനങ്ങളിൽ നമുക്ക് കാണാനാകും.

അബൂ ഉമാമ(റ)യിൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: "ഒരു യുവാവ് നബി(സ്വ)യുടെ അടുക്കൽ ചെന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, എനിക്ക് വ്യഭിചാരത്തിന് അനുമതി നൽകുക.' അപ്പോൾ ജനങ്ങൾ അദ്ദേഹത്തെ കൈകാര്യം ചെയ്യാൻ മുന്നോട്ടാഞ്ഞു. അവർ പറഞ്ഞു: 'അരുത്, അരുത്.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'അവനെ എന്നോട് അടുപ്പിക്കൂ.' അപ്പോൾ അദ്ദേഹം നബി(സ്വ) യുടെ അടുത്തേക്ക് നിൽക്കുകയും അവിടെ ഇരിക്കുകയും ചെയ്തു. അപ്പോൾ നബി(സ്വ) അദ്ദേഹത്തോട് ചോദിച്ചു: 'നീ നിന്റെ മാതാവിനോട് അത് ചെയ്യുന്നത് ഇഷ്ടപ്പെടുമോ?' അദ്ദേഹം പറഞ്ഞു: 'ഇല്ല. ഞാൻ താങ്കൾക്ക് വേണ്ടി ജീവൻ ബലികഴിക്കാൻ തയ്യാറായിക്കൊണ്ട്



പറയുകയാണ്, ജനങ്ങൾ തങ്ങളുടെ മാതാക്കളോട് അത് ചെയ്യുന്നത് ഇഷ്ടപ്പെടുകയില്ല.' നബി(സ്വ) ചോദിച്ചു: 'നിന്റെ മകളെ അത് ചെയ്യുന്നത് നീ ഇഷ്ടപ്പെടുന്നുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ സത്യം! ജനങ്ങൾ തങ്ങളുടെ മക്കളോട് അത് ചെയ്യുന്നത് ഇഷ്ടപ്പെടുകയില്ല.' നബി(സ്വ) ചോദിച്ചു: 'നിന്റെ പിതൃസഹോദരിയെ ഇത് ചെയ്യാൻ നീ ഇഷ്ടപ്പെടുന്നുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ സത്യം! ജനങ്ങൾ പിതൃസഹോദരിയെ ഇത് ചെയ്യാൻ ഇഷ്ടപ്പെടുകയില്ല.' നബി(സ്വ) ചോദിച്ചു: 'നിന്റെ മാതൃസഹോദരിയെ ഇത് ചെയ്യാൻ നീ ഇഷ്ടപ്പെടുമോ?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ സത്യം! ജനങ്ങൾ തങ്ങളുടെ മാതൃസഹോദരിയെ ഇത് ചെയ്യാൻ ഇഷ്ടപ്പെടുകയില്ല.' അപ്പോൾ പ്രവാചകൻ(സ്വ) അദ്ദേഹത്തിന്റെ ശരീരത്തിൽ കൈവച്ച് ഇപ്രകാരം പ്രാർഥിച്ചു: 'അല്ലാഹുവേ, ഇവന്റെ തെറ്റുകൾ നീ പൊറുത്തുകൊടുക്കേണമേ. ഇവന്റെ ഹൃദയത്തെ നീ ശുദ്ധീകരിക്കേണമേ. ഇവന്റെ ഗുഹ്യസ്ഥാനം നീ സംരക്ഷിക്കേണമേ.' പിന്നീട് ആ ചെറുപ്പക്കാരൻ ഒന്നിലേക്കും തിരിഞ്ഞിട്ടില്ല" (അഹ്മദ്).

ഈരുപത്തിൽ വൈകാരികസമ്മർദമുള്ള വിദ്യാർഥികളെ എക്കാലത്തും അധ്യാപകർക്ക് അഭിമു ഖീകരിക്കേണ്ടിവരും. പ്രവാചകൻ(സ്വ) ചെയ്തതുപോലെ തത്ത്വദീക്ഷയോടുകൂടിയാണ് ഇത്തരം സ്വഭാവമുള്ളവരെ കൈകാര്യം ചെയ്യേണ്ടത്.

വിദ്യാർഥികൾ സംശയങ്ങൾ ചോദിക്കുന്നത് എല്ലാവരും പ്രോത്സാഹിപ്പിക്കാറുണ്ടെങ്കിലും ക്ലാസിനിടയിൽ സംശയമുന്നയിക്കുന്നത് ചിലപ്പോൾ ക്ലാസിന്റെ ഒഴുക്കിനെ തടയുന്നതും അലോസരമുണ്ടാക്കുന്നതുമായിരിക്കും. അതുകൊണ്ട് തന്നെ മിക്ക അധ്യാപകരും ക്ലാസ് അവസാനിച്ചതിന് ശേഷമാണ് സംശയനിവാരണത്തിന് അവസരം നൽകാറുള്ളത്. സംശയങ്ങൾ അപ്പപ്പോൾതന്നെ തീർക്കുന്ന രീതിയും ചിലർ പിന്തുടരാറുണ്ട്. അത്തരം രീതിയാണ് പ്രവാചക മാതൃകയിൽ നമുക്ക് കാണാനാവുന്നത്.

അബൂരിഫാഇ അൽഅദ്‌വി(റ)യിൽനിന്ന് നിവേദനം: "ഞാൻ അല്ലാഹുവിന്റെ ദൂതരുടെ അടുക്കൽ ചെന്നു. അദ്ദേഹം പ്രസംഗിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഒരു അപരിചിതൻ മതത്തെക്കുറിച്ച് ചോദിക്കുന്നു. മതം എന്താണെന്ന് അവന് അറിയുകയില്ല.' അപ്പോൾ നബി(സ്വ) പ്രസംഗം ഉപേക്ഷിച്ച് എന്റെ അടുക്കലേക്ക് വന്നു. എന്റെ അടുത്തു വന്ന് ഒരു മരത്തിന്റെ കസേര കൊണ്ടുവന്നു. അതിന്റെ കാലുകൾ ഇരുമ്പിന്റേതായിരുന്നു. അദ്ദേഹം അതിന്മേലിരുന്നു. അല്ലാഹു അദ്ദേഹത്തിന് നൽകിയ അറിവ് എനിക്ക് പഠിപ്പിച്ച് തന്നു. പിന്നീട് പ്രസംഗത്തിലേക്ക് തിരിഞ്ഞ് അത് പൂർത്തീകരിച്ചു"(മുസ്‌ലിം, നസാഇ).

ആധുനിക കാലത്ത് വിദ്യാർഥിക ളിൽ അനുസരമില്ലാത്തവരെ ധാരാളം കാണാം. അവരെ സൗഹൃദത്തോടെ കൈകാര്യം ചെയ്തില്ലെങ്കിൽ അവർ കൂടുതൽ ധാർഷ്ട്യം കാണിക്കാനാണ് ശ്രമിക്കുക. പ്രവാചക ജീവിതം പരി ശോധിക്കുകയാണെങ്കിൽ പരുക്കൻ സ്വഭാവമുള്ളവരെ മെരുക്കിയെടു ത്ത ധാരാളം സംഭവങ്ങൾ കാണാം. പരുക്കൻ സ്വഭാവമുള്ള, 'മുള്ളെടു ക്കുകയും തണ്ടുകാണിക്കുകയും' ചെയ്യുന്ന വിദ്യാർഥികളെ ഒരു അധ്യാ പകന് അഭിമുഖീകരിക്കേണ്ടി വരും. അത്തരം സന്ദർഭങ്ങളിൽ പ്രവാചകൻ (സ്വ) ചെയ്തതുപോലെ ചിരിച്ചുകൊണ്ട് പ്രതികരിക്കുകയാണെങ്കിൽ നല്ല പ്രതിഫലനമുണ്ടാക്കാൻ കഴിയും.

ഇടവേളകളില്ലാതെ തുടർച്ചയായി ക്ലാസെടുക്കുന്നത് വിദ്യാർഥികൾക്ക് വിരസതയുണ്ടാക്കുന്നതാണ്. പ്രവാചകൻ(സ്വ) ഒരു സദസ്സിൽവെച്ച് ധാരാളം ഹദീസുകൾ പറയുന്ന രീതി സ്വീകരിച്ചിരുന്നില്ല. തന്നെയുമല്ല, ഒരു നിശ്ചിതസമയത്ത് മാത്രമാണ് ഉപദേശം നൽകിയിരുന്നത്.

"അല്ലാഹുവിന്റെ ദുതർ(സ്വ) ജനങ്ങൾക്ക് ഉപദേശം നൽകുന്നതിൽ സമയക്രമം പാലിച്ചിരുന്നു; അവർക്ക് മുഷിപ്പ് വരും എന്ന ഭയം കാരണം" (മുസ്‌ലിം).

ഹദീസുകൾ പരിശോധിക്കുകയാണെങ്കിൽ വ്യത്യസ്തവും വൈവിധ്യമാർന്നതുമായ ശൈലികളിലാണ് ഓരോ വചനത്തിലൂടെയും മതകാര്യങ്ങൾ പഠിപ്പിക്കുന്നതെന്ന് കാണാനാവും. പ്രധാനപ്പെട്ട കാര്യങ്ങൾ അനുചരന്മാർക്ക് ഹൃദിസ്ഥമാക്കാൻ വേണ്ടി മൂന്നു പ്രാവശ്യം ആവർത്തിക്കാറുണ്ട്. വിദ്യാർഥികളെ ഞെട്ടിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യാത്ത ശൈലിയാണ് കൂടുതൽ ഉചിതമായതെന്നാണ് പ്രവാചകന്റെ പെരുമാറ്റത്തിൽനിന്നും നമുക്ക് ഗ്രഹിക്കാൻ കഴിയുന്നത്.

ഖൈസ് ബിൻ ഹാസിമി(റ)ൽ നിന്നും നിവേദനം: "ഒരാൾ പ്രവാചക സന്നിധിയിൽ വന്ന് അദ്ദേഹത്തിന്റെ മുന്നിൽ നിന്നു. അന്നേരം അയാൾ വിറക്കാൻ തുടങ്ങി. അപ്പോൾ നബി(സ്വ) പറഞ്ഞു: 'നീ ശാന്തമാകുക. ഞാൻ ഒരു മലക്കല്ല. ഞാൻ ഉണക്കമാംസം കഴിക്കുന്ന ഒരു ഖുറൈശി സ്ത്രീയുടെ മകനാണ്' (ഹാകിം).

തന്റെ മുന്നിൽ ഭയന്നുവിറക്കുന്ന വിദ്യാർഥികളെ അവരുടെ ഭയാശങ്കകൾ ഇല്ലാതാക്കി, അവർക്ക് ആത്മവിശ്വാസം നൽകാനാണ് ഒരു അധ്യാപകൻ ശ്രമിക്കേണ്ടത് എന്നാണ് ഈ സംഭവം സൂചിപ്പിക്കുന്നത്.

വിദ്യാർഥികളെ സദാസമയവും ഗുണദോഷിക്കുന്നത് അവർക്ക് അരോചകമായിരിക്കും. എപ്പോഴും പഠിക്കാൻ പറയുന്നതുകൊണ്ടും വലിയ പ്രയോജനമുണ്ടെന്ന് തോന്നുന്നില്ല. നന്നായി പഠിക്കുന്നവരോട് വായിക്കാൻ കൽപിക്കണമെന്നില്ല. അവർ സ്വയംതന്നെ അതിന് സന്നദ്ധരായിരിക്കും.

അനസ് ബിൻ മാലികി(റ)ൽനിന്നും നിവേദനം, അദ്ദേഹം പറയുകയാണ്: "ഞാൻ അല്ലാഹുവിന്റെ ദൂതർക്ക് പത്തുവർഷം സേവനം ചെയ്തു. എന്നോട് ഛെ എന്ന് തീരെ പറഞ്ഞിട്ടില്ല. ഞാൻ ചെയ്ത ഒരു കാര്യത്തെക്കുറിച്ച് എന്തിന് നീ അത് ചെയ്തു എന്ന് ചോദിച്ചിട്ടില്ല. ഞാൻ ചെയ്യാത്ത ഒരു കാര്യത്തെക്കുറിച്ച് നീ അത് ചെയ്യാതിരുന്നതെന്തേ എന്നു ചോദിച്ചിട്ടില്ല" (തുർമുദി).

പ്രവാചകന്റെ അനുചരന്മാരിൽ തികച്ചും അപരിഷ്കൃതരായ അറബികൾ ഉൾപ്പെടെ വ്യത്യസ്ത സ്വഭാവമുള്ള ആളുകളുണ്ടായിരുന്നു. അവരിലോരോരുത്തരോടും ഉചിതവും അനുയോജ്യവുമായ രൂപത്തിലായിരുന്നു നബി(സ്വ) അനുവർത്തിച്ചിരുന്നത്. അതുകൊണ്ട്തന്നെ ഏത് തരത്തിലും കാലഘട്ടത്തിലും സാംസ്കാരിക നിലവാരത്തിലുമുള്ള വിദ്യാർഥികളെ പഠിപ്പിക്കുന്ന അധ്യാപകർക്ക് മുഹമ്മദ് നബി(സ്വ)യിൽ ഉത്തമമായ മാതൃക കണ്ടെത്താൻ കഴിയുന്നതാണ്.

**ബിസ്മിത എം തിരുവനന്തപുരം**
സൽസബിൽ അറബിക് കോളേജ്
വെങ്കിടങ്ങ്



# അനുസരണക്കേടോ പ്രവാചകസ്നേഹം?

ആഘോഷങ്ങളുടെ ലഹരി പടർന്നുകയറുകയാണിന്ന്. എന്തിനുമേതിനും ആഘോഷം! കാതടപ്പിക്കുന്ന ശബ്ദഘോഷങ്ങൾ...തെരുവീഥികളിലും അങ്ങാടികളിലും പോലും ഡാൻസ്...ഗതാഗത തടസ്സം സൃഷ്ടിച്ചുകൊണ്ടുള്ള ഘോഷയാത്രകൾ...ലഹരിയിൽ മുങ്ങിയുള്ള സന്തോഷ പ്രകടനങ്ങൾ...!

അച്ചടക്കപൂർണമായ ജീവിതം നയിക്കേണ്ടവരായ മുസ്‌ലിംകളെ ഇത്തരം രംഗങ്ങളിൽ കാണുവാൻ പാടില്ലാത്തതാണ്. എന്നാൽ എല്ലാ പേക്കൂത്തുകളിലും അവരിൽ പെട്ട യുവസമൂഹത്തിന്റെ പങ്കാളിത്തവും നാം കാണുന്നു! നബിയോടുള്ള സ്നേഹപ്രകടനത്തിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്നതെന്താണ്? മേളക്കൊഴുപ്പിന്റെ അകമ്പടിയോടെയുള്ള റാലികൾ, ആർപ്പുവിളികൾ, വാഹനപ്പുറത്തേറിയും റോഡിലൂടെയുമുള്ള തുള്ളിച്ചാട്ടങ്ങൾ, ലജ്ജയില്ലാത്തവിധം ആൺ-പെൺ കൂടിച്ചേരലുകൾ...

ആരെയാണ് ഇവർ സ്നേഹിക്കുന്നത്? ജീവിതത്തിൽ ഒരിക്കൽപോലും തന്റെയോ മറ്റാരുടെയെങ്കിലുമോ ജന്മദിനം കൊണ്ടാടാത്ത, അതിന്റെ ഒരു സൂചനപോലും നൽകാത്ത റസൂലിനെയോ? നബിയുടെ വിടവാങ്ങലിനു മുമ്പോ അതിനു ശേഷമോ ഒരിക്കൽ പോലും അവിടുന്ന് പഠിപ്പിക്കാത്ത ഒരു കാര്യവും ജീവിതത്തിൽ കൊണ്ടുവരാതിരുന്ന, ഉത്തമ സമൂഹം എന്ന് അല്ലാഹു വിശേഷിപ്പിച്ച പ്രവാചകാനുയായികളെയോ?

തിരിച്ചറിയുക; നബി(സ്വ)യോടുള്ള സ്നേഹം ഒഴുകേണ്ടത് നബിയുടെ സുന്നത്തിനെ മുറുകെപിടിച്ചുകൊണ്ടാണ്, തെരുവുകളിൽ മുദ്രാവാക്യം മുഴക്കിക്കൊണ്ടും ഗതാഗത തടസ്സമുണ്ടാക്കി ജനങ്ങളെ വെറുപ്പിച്ചുകൊണ്ടുമല്ല. മതത്തിൽ നൂതനകാര്യങ്ങൾ ഉണ്ടാക്കിക്കൊണ്ടുമല്ല. നബി(സ്വ) ഹജ്ജത്തുൽ വദാഇൽ പ്രസംഗിക്കവെ പറഞ്ഞു: “ഞാൻ നിങ്ങളിൽ രണ്ടു കാര്യങ്ങൾ വിട്ടേച്ചു പോകുന്നു. അത് മുറുകെപിടിക്കുന്നിടത്തോളം നിങ്ങളൊരിക്കലും വഴിപിഴക്കുകയേ ഇല്ല. അല്ലാഹുവിന്റെ കിതാബും നിങ്ങളുടെ പ്രവാചകന്റെ സുന്നത്തുമാണത്. അല്ലയോ ജനങ്ങളേ ഞാൻ നിങ്ങളോട് പറഞ്ഞത് നിങ്ങൾ കേൾക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുക.”

ഇർബാദ് ഇബ്നു സാരിയ(റ) പറയുന്നതായി ബൈഹകി ഉദ്ധരിക്കുന്നു: “ഒരിക്കൽ നബി(സ്വ) ഞങ്ങൾക്ക് ഇമാമായി നമസ്കരിച്ചശേഷം ഞങ്ങൾക്ക് അഭിമുഖമായി തിരിഞ്ഞു. അങ്ങനെ വളരെ അർഥവത്തായ ഒരു ഉപദേശം ഞങ്ങൾക്ക് നൽകി. (ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയും ഒരു ഉപദേശം ഞങ്ങൾക്ക് നൽകി). ഞങ്ങളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയും ഹൃദയങ്ങൾ വിറക്കുകയും ചെയ്തു. അപ്പോൾ ഒരാൾ ചോദിച്ചു: ‘അല്ലാഹുവിന്റെ റസൂലേ, ഇതൊരു വിടവാങ്ങൽ ഉപദേശം പോലെയുണ്ടല്ലോ, എന്താണ് അങ്ങ് ഞങ്ങളോട് കൽപിക്കുന്നത്?’ നബി (സ്വ) പറഞ്ഞു: ‘ഞാൻ നിങ്ങളോട് അല്ലാഹുവിനെ സൂക്ഷിക്കുവാനും (നേതൃത്വത്തെ) കേട്ട് അനുസരിക്കുവാനും ഉപദേശിക്കുന്നു; ഉണക്ക മുന്തിരിപോലുള്ള തലയുമായി ഒരു എത്യോപ്യൻ അടിമയാണ് നിങ്ങളുടെ നേതാവ് എങ്കിലും. തീർച്ചയായും എനിക്ക് ശേഷം നിങ്ങളിൽ ആർ ജീവിച്ചിരിക്കുന്നുവോ അവർക്ക് നിരവധി ഭിന്നതകൾ കാണാവുന്നതാണ്. അപ്പോൾ നിങ്ങൾ എന്റെ സുന്നത്തും സന്മാർഗികളായ ഖുലഫാഉർറാശിദീങ്ങളുടെ സുന്നത്തും പിൻപറ്റുക. അവ നിങ്ങൾ മുറുകെപിടിക്കുക. നിങ്ങളുടെ അണപ്പല്ലുകൾ കൊണ്ടതിനെ കടിച്ചുപിടിക്കുക. നൂതനമായ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും എല്ലാ നൂതന കാര്യങ്ങളും ബിദ്അത്ത് (അനാചാരം) ആകുന്നു. എല്ലാ ബിദ്അത്തുകളും വഴികേടുമാകുന്നു”(അഹ്മദ്, അബൂദാവൂദ്, തിർമിദി, ഇബ്നുമാജ).

ഉമ്മു നൂഹ്, വേങ്ങര



# ആരാണ് ഉടയോൻ?

എന്താ ഞാനീ കേട്ടത് നിങ്ങളെ
പടച്ചോൻ മടവൂരാണെന്നോ!
ഖൽബ് പിടഞ്ഞ് പറയുകയാണ്;
കാര്യം ഇത് തനി ശിർക്കാണ്.
നരകം ശാശ്വതമാക്കിത്തീർക്കും
വൻപാപത്തിൻ നേതാവ്.
പടച്ചറബ്ബിൽ പങ്കു ചേർക്കാൻ
പടപ്പുകൾക്കെന്താവേശം!


ഇടയാളർ വേണ്ട ഉടയോനിലേക്ക്
എന്നു പറഞ്ഞത് കേട്ടപ്പോൾ
വേണം ഇടയാളൻമാർ എന്ന്
അലമുറയിട്ടു നേതാക്കൾ!
വിളിച്ചു തേടാൻ ആയത്തോതി,
കുറിച്ചുവച്ചു നുണക്കഥകൾ!

പരലോകത്തീ നേതാക്കന്മാർ
പിന്മാറുന്നത് കാണുമ്പോൾ,
ചതിയന്മരാണിവരെന്നുള്ളത്
അണികൾക്കെല്ലാം തിരിയുമ്പോൾ,
വിരലു കടിച്ചന്നണികൾ പറയും:
'പടച്ച റബ്ബേ, അനുസരിച്ചു
ഞങ്ങളീ നേതാക്കന്മാരെ,
നിൻ തിരുദൂതരെ മാർഗം വിട്ട്
ചരിച്ചു പാപികളാം ഞങ്ങൾ,
കൊടുത്തിടണേ ശിക്ഷയിവർക്ക്
ഇരട്ടിയായി റഹ്മാനേ.'

ഇസ്‌ലാമിന്റെ പ്രമാണങ്ങൾ
എന്തു പറഞ്ഞെന്നറിയേണം
പൗരോഹിത്യച്ചങ്ങല നമ്മൾ
പൊട്ടിച്ചെറിയണമതിനായി.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi


പുറത്തിറങ്ങി
ഫലസ്തീനിന്റെയും യഹൂദരുടെയും
ചരിത്രവും വർത്തമാനവും
പ്രാമാണികമായി അപഗ്രഥിക്കുന്ന വേറിട്ട രചന
WISDOM BOOKS
യഹൂദരും ഫലസ്തീനും
ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
WISDOM BOOKS
യഹൂദരും ഫലസ്തീനും
ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും
اليهود و فلسطين
في التاريخ والكتب المقدسة
ഇ.യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
اليهود و فلسطين
في التاريخ والكتب المقدسة
ഓൺലൈനിൽ ബുക്ക് ചെയ്യുന്നവർക്ക് 200 രൂപയുടെ പുസ്തകം വെറും 160 രൂപക്ക്
ORDER NOW
പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു
*Parcel Charge Extra
http://www.wisdombooksonline.com
+91 7356 766 478

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2024 SEPTEMBER 28

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

*To the Right Goal..*
*Through the Right Path..*

WISDOM students

28th

WISDOM

# PROFESSIONAL STUDENTS GLOBAL CONFERENCE

## 11 12 13 OCTOBER 2024

AL SAJ INTERNATIONAL CONVENTION CENTRE KAZHAKKOOTTAM
THIRUVANANTHAPURAM

SCAN TO REGISTER

Wisdom Islamic Students Organization
CV Complex, PV Swami Road, Calicut-2

+91 8156 812 292
wisdomstudents